# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




## ജൂലൈ 2024

ദുക്റാന തിരുനാളാശംസകൾ

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No.7 ജൂലൈ 2024


| | |
|---|---|
| ഇടയലേഖനം - ദുക്റാനതിരുനാൾ - | 2 |
| സർക്കുലർ - യുവജനദിനം - | 10 |
| സംയുക്ത സർക്കുലർ - | 18 |
| കച്ചേരിക്കാര്യം - | 24 |
| അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനം - | 29 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ - | 31 |
| അജപാലനോത്തേജനവിഭാഗം - | 32 |
| റെയിൻബോ - 2021 - | 35 |
| വിശ്വാസജീവിതപരിശീലനരംഗം - | 36 |
| ചെറുപുഷ്പ മിഷൻലീഗ് - | 42 |
| ബൈബിൾ അപ്പോസ്തലേറ്റ് - | 45 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് - | 46 |
| കുടുംബപ്രേഷിതത്വം - | 50 |
| പിതൃവേദി - | 52 |
| മാതൃവേദി - | 53 |
| മേരി മാതാ മൈനർ സെമിനാരി - | 60 |
| നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി - | 61 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി - | 62 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം - | 63 |
| മരിയൻ റിട്രീറ്റ് സെന്റർ - | 67 |
| സന്യസ്തർ - | 70 |
| കത്തോലിക്കാ കോൺഗ്രസ് - | 77 |
| തേനി മിഷൻ വാർത്തകൾ - | 81 |
| കെ.സി.എസ്.എൽ. - | 82 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ - | 83 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ - | 86 |
| ഡി.സി.എം.എസ്. - | 88 |
| ലീജിയൻ ഓഫ് മേരി - | 89 |
| വിൻസെൻഷ്യൻ വേദി - | 90 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി - | 92 |
| വിമല പബ്ലിക്കേഷൻസ് - | 93 |
| Special Care Homes & Charitable institution - | 95 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി - | 97 |
| ഇൻഫാം - | 99 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി - | 100 |
| രൂപതാവാർത്തകൾ - | 106 |
| Bishop's Engagements - | 111 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 7** **ജൂലൈ 2024**

Prot. No. 0642/2024

## ഇടയലേഖനം

## ദുക്റാനതിരുനാൾ – സഭാദിനം 2024

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ
ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞു നില്ക്കുന്ന ദുക്റാനതിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർസഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർതോമാശ്ലീഹാ നടത്തിയ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനത്തിരുനാൾദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്

തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടുതൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ്മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മെയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടുംകൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമലബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം

തീയതി നടത്തിയ പ്രസംഗത്തിലെ ചിലകാര്യങ്ങൾ ദുക്റാനാ തിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: 'ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്'. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറു പുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീക്ഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ചപ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോ

ടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്നവിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലിക പാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിതപ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്'.- ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീക്ഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതംമുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളി

ലും സീറോമലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാന ങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലനശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാ സികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠന ത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കുംവേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: 'മഹത്തായ ആരാധ നാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്ന തിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയം ഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോമല ബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാ ഹിപ്പിക്കുന്നു'–. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെ പിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണ മെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ

സീറോമലബാർസഭാമക്കളെന്നനിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും . സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭമുഴുവനും ഏതുസാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും

സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെ നടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: 'ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു'. അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ

ശക്തിപ്പെടുത്തിയും വിശ്വാസപരിശീലനസംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB : ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

No. 4031/K-5/KCBC/OL/DS

# യുവജനദിനം ജൂലൈ 7, 2024 കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജന ദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെ.സി.വൈ.എം., ജീസസ് യൂത്ത്, സിഎൽസി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ യേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും

നിറഞ്ഞുനിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യം ഉണ്ട്.

**ക്രിസ്തുവുമായുള്ള സൗഹൃദം**

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പ ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവമനുഷ്യസൗഹൃദം നിറഞ്ഞ താവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല; അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയു മായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണ ത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ചു നിത്യരക്ഷയ്ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ 19.16). എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റു പലതിനും വേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടന്നു വച്ചു, അവസാനം വിഷാദവാനായി തിരികെപോയി (19.22). ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദ മാകും. അതിന് സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയ

കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യ പ്രവർത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**യുവജന സൗഹൃദ സഭ**

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കണ്ടത് നമ്മുടെ സഭ, ദേവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാ സംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിന് പുതിയ മാനം നൽകും എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദേവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദ സഭാപ്രോട്ടോകോൾ (Youth Friendly Church Protocole -YFCP) ഉണ്ടാവുന്നത് അഭികാമ്യം ആണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.

**സഭയുടെ ആരാധനാജീവിതത്തിൽ യുവജന പങ്കാളിത്തം**

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാഗത ആരാധനാക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാ രീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

## യുവജന നേതൃത്വവും പങ്കാളിത്തവും

സഭാതീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശക സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വപരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക. പാരീഷ് കൗൺസിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

## യുവജന വിശ്വാസ പരിശീലനം

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക. മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റക്കറ്റിക്കിൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിരങ്ങൾ സംഘ ടിപ്പിക്കുക.

## സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമഗ്രമായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമൂഹിക വൽക്കരണത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇടങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദേവാലയങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

## സമുദായ സേവനവും സാമൂഹിക നീതിയും

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവനപദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

## മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലന ശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

## സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

**യുവജന സൗഹൃദ കുടുംബങ്ങൾ**

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികാസത്തെ പിന്തുണയ്ക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

**യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജന ശുശ്രൂഷാമേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജന ഡേറ്റ ബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവര ശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ യുവജന സൗഹൃദ സഭ എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും

**യുവജനശുശ്രൂഷയ്ക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ**

**നിർവഹണവും വിലയിരുത്തലും**

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താ പേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതുപോലെ, (ലുക്കാ 7, 11-17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്ക 8, 40-56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കൂ' എന്നു പറയുന്നു. ഏശയ്യാ പ്രവാചകനിലുടെ ഇസ്രായേൽ ജനത്തോട് പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജന

സൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി.
കൊച്ചി - 682 025

---

N.B. 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സംയുക്ത സർക്കുലർ

ഈശോമിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ,
സഹോദരരേ,

ആധുനികകാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. അവയോടു ക്രിയാത്മകമായി പ്രതികരിക്കുകയെന്നതു സഭയുടെ വിളിയും ദൗത്യവുമാണ്. സീറോമലബാർസഭയുൾപ്പെടെ കേരളസമൂഹം ഇന്നു നേരിടുന്ന വലിയ പ്രതിസന്ധികളിൽ ഒന്നാണു യുവതലമുറയ്ക്കു സ്വന്തം നാട്ടിൽ തന്നെ തൊഴിൽചെയ്തു മാന്യമായി ജീവിക്കാൻ സാധിക്കുമെന്ന പ്രത്യാശ നഷ്ടപ്പെടുന്നുയെന്നത്. ഈ വെല്ലുവിളിയെ നേരിടാൻ ഉതകും വിധം നമ്മുടെ സമൂഹത്തിന്, പ്രത്യേകിച്ചു നമ്മുടെ യുവജനങ്ങൾക്കു പ്രത്യാശ നൽകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. അതിന്റെ ഭാഗമായി നാട്ടിലെ സംരംഭസാധ്യതകളെ അവർക്കു പരിചയപ്പെടുത്തുകയെന്നതും തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദാതാക്കളായി നാടിന്റെ വികസനത്തിൽ അവരെ പങ്കാളികളാക്കാനുള്ള അവസരങ്ങൾ ഒരുക്കുകയെന്നതും സഭയാകുന്ന അമ്മയുടെ കടമയായി കാണുന്നു.

ഇക്കാര്യത്തിൽ സഭയോടുചേർന്നു ക്രിയാത്മകവും നേതൃത്വപരവുമായി സഹകരിക്കുന്ന പ്രസ്ഥാനമാണു നല്ലതണ്ണി മാർ തോമാശ്ലീഹാ ദയറാ കേന്ദ്രീകരിച്ച് അഭി. മാർ ജേക്കബ് മുരിക്കൻപിതാവിന്റെ ആത്മീയനേതൃത്വത്തിൽ രൂപീകൃതമായ നസ്രാണിമാർഗം ട്രസ്റ്റ്. വിവിധ മേഖലകളിൽ പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ ഒരു കൂട്ടായ്മയാണിത്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളോടു സഹകരിച്ചു കഴിഞ്ഞവർഷം നസ്രാണിമാർഗം ട്രസ്റ്റ് കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ്

കോളേജിൽ നടത്തിയ NEST- 23ന്റെ തുടർച്ചയും വളർച്ചയുമായി ഈ വർഷം ചങ്ങനാശ്ശേരിയിൽ WINGS 2.0 എന്ന നാഷണൽ കോൺഫറൻസ് ഒരുക്കിയിരിക്കുകയാണ്.

2024 ഓഗസ്റ്റ് 2, 3, 4 (വെള്ളി, ശനി, ഞായർ) തീയതികളിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ സെന്റ് ബർക്മൻസ് കോളേജ്, അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിലാണ് WINGS 2.0 നടത്തപ്പെടുന്നത്. NEST- 23ലൂടെ നമ്മുടെ സമുദായത്തിനു സംരംഭകത്വത്തിന്റെ സാധ്യതകളെ പരിചയപ്പെടുത്താനും അതിനുവേണ്ട പ്രാഥമികപരിശീലനം നൽകാനും സാധിച്ചു. ഇതിന്റെ തുടർച്ചയായ WINGS 2.0 യിൽ അഞ്ചു സംരംഭകത്വമേഖലകൾ കേന്ദ്രീകരിച്ചു പ്രായോഗികപരിശീലനവും ഈ മേഖലകളിൽ പുതിയസംരംഭങ്ങൾ അഥവാ കമ്പനികൾ തുടങ്ങാനാവശ്യമായ സാദ്ധ്യതകളും ഒരുക്കുകയാണ്.താഴെപ്പറയുന്നവയാണ് ഈ അഞ്ചുമേഖലകൾ

1. ആരോഗ്യസഹായസാങ്കേതികവിദ്യയും ആരോഗ്യപരിപാലനവും(Medical Well-being and Assistive Technology)
2. കാർഷികോപകരണങ്ങളും യന്ത്രങ്ങളും (Agricultural Tools and Machinery)
3. ഫാഷൻ ഡിസൈനും ടെക്നോളജിയും
4. ഭക്ഷ്യ ഉല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും (Food and Value Added Products)
5. മാലിന്യനിർമാർജനവും ഊർജപുനരുപയോഗവും (Waste Management and Renewable Energy)

മേൽപ്പറഞ്ഞ അഞ്ചുവിഷയങ്ങളിലായി ത്രിദിനസംരംഭകത്വപരിശീലനവും പ്രവർത്തനക്ഷമമായ ബിസിനസ്സ് മോഡലുകളുടെ അവതരണവും (Hackathon), ബിസിനസ്സ് ആശയങ്ങളുടെ അവതരണവും (Business Idea Piching) വനിതകൾക്കുവേണ്ടി

യുള്ള ഏകദിനസംരംഭകത്വപരിശീലനവും നടത്തപ്പെടുന്നതാണ്. നമ്മുടെ സമുദായത്തിലെ യുവജനങ്ങൾക്കും വിദേശങ്ങളിൽനിന്നു മടങ്ങിയെത്തിയവർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ഫൊറോനകൾ, ഇടവകകൾ എന്നിവയുടെ പിന്തുണയോടെ പുതിയസംരംഭങ്ങൾ ആരംഭിക്കാനും യുവജനങ്ങൾക്കും മറ്റുള്ളവർക്കും WINGS 2.0 പ്രചോദനമേകും.

ഇതോടുചേർന്നു യുവജനങ്ങൾക്കും സൺഡേസ്കൂൾ വിദ്യാർഥികൾക്കുമായി, വിവിധ മേഖലകളിൽ സഭ ലോകത്തിനു നൽകിയിട്ടുള്ള വിലയേറിയ സംഭാവനകൾ പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്താനുതകുന്ന വീഡിയോമത്സരങ്ങളും നടത്തപ്പെടുന്നുണ്ട്.

സഭാസമൂഹത്തിന്റെ ഉന്നമനത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി ഏറ്റെടുത്തിരിക്കുന്ന ഈ വലിയ പ്രേഷിതദൗത്യത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രത്യേകിച്ചു സമർപ്പിതസമൂഹങ്ങളുടെയും പ്രാർഥനാസഹായം അഭ്യർഥിക്കുകയാണ്. ജൂലൈമാസത്തിൽ നടത്തപ്പെടുന്ന പാരിഷ് കൗൺസിലുകളിലും കുടുംബക്കൂട്ടായ്മകളിലും സംഘടനാസമ്മേളനങ്ങളിലും ഇക്കാര്യം ചർച്ച ചെയ്യണമെന്നും WINGS 2.0 യിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും സംഘടനാഭാരവാഹികളും രൂപത, ഫൊറോന, ഇടവക ഡയറക്ടർമാരും മുൻകൈയെടുക്കണമെന്നും അഭ്യർഥിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ ഇടവകകളുടെ സമൂഹമാധ്യമഗ്രൂപ്പുകളിലൂടെ ലഭ്യമാക്കുന്നതാണ്.

WINGS 2.0 യുടെ തുടർച്ചയായുള്ള പ്രവർത്തനങ്ങളുടെ ഏകോപനവും പങ്കെടുത്തവർക്കാവശ്യമായ തുടർസഹായസഹകരണങ്ങൾ ഒരുക്കുന്നതിനുമായി നമ്മുടെ സമുദായത്തിൽ നിന്നു സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും വ്യക്തികളെയും കോർത്തിണക്കിക്കൊണ്ടു നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ *ഹെക്മസ്* (An Eastern Centre of Excellence) എന്ന പേരിൽ ഒരു സെന്റർ ആരംഭിച്ചിരിക്കുന്ന സന്തോഷവാർത്തകൂടി അറിയിക്കുകയാണ്. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളജിലാണ് ഇതിന്റെ ആദ്യത്തെ സാറ്റ്ലേറ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. സമുദായത്തിന്റെ വളർച്ചയുടെ പാതയിൽ ഈ സെന്റർ വലിയൊരു നാഴികക്കല്ലായിത്തീരുമെന്നു പ്രത്യാശിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും www.nazranimargam.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 7034437003 എന്നനമ്പറിൽ വിളിക്കുകയോ ചെയ്യുക

---

NB: 2024 ജൂലൈ 14 ഞായറാഴ്ച ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലെ പള്ളികളിലും സന്യാസഭവനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

# WINGS 2.0

## ജൂലൈ മാസം ഇടവകകളിൽ പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങൾ

(ജൂലൈമാസത്തിലെ പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മകൾ, ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സമിതികൾ എന്നിവിടങ്ങളിൽ ' "WINGS 2.0 സംരംഭകത്വപദ്ധതിയുടെ' അടിയന്തരപ്രാധാന്യവും താഴെ നിർദേശിച്ചിരിക്കുന്ന കാര്യങ്ങളും ചർച്ച ചെയ്തു പ്രായോഗികമാക്കുക.)

1. ബ്രോഷറിൽ നൽകിയിരിക്കുന്ന അഞ്ചുമേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാനോ വിപുലപ്പെടുത്താനോ ആഗ്രഹിക്കുന്നവർ, യുവതീയുവാക്കൾ, വിദേശത്തുനിന്നു മടങ്ങിയെത്തിയവർ എന്നിവരെ കണ്ടെത്തി മൂന്നുദിവസത്തെ പരിശീലനക്യാമ്പിൽ പങ്കെടുപ്പിക്കാനായി നേതൃത്വമെടുക്കുക. ഓരോ ഇടവകയും മിനിമം 3 പേരെയെങ്കിലും പങ്കെടുപ്പിക്കുക. ജൂലൈ 20 ശനിയാഴ്ചയ്ക്കുമുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യുക. സാമ്പത്തികസഹായം ആവശ്യമുള്ളവർക്കു നൽകുക.
2. വനിതകൾക്കുവേണ്ടി ഓഗസ്റ്റ് 4 ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്ന ഏകദിനസംരംഭകത്വസെമിനാറിൽ ജൂലൈ 20നു മുമ്പു പേര് രജിസ്റ്റർ ചെയ്തു പരമാവധി വനിതകളെ പങ്കെടുപ്പിക്കുക. ഒരു ഇടവകയിൽനിന്നു മിനിമം 10 പേരെ പങ്കെടുപ്പിക്കുക.
3. സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്ന അഞ്ചുമേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിവും താത്പര്യവുമുള്ളവരെ ജൂലൈമാസാരംഭത്തിൽതന്നെ ഇടവകകളിൽ ഒന്നിച്ചുകൂട്ടി ചർച്ചചെയ്തു വ്യക്തിപരമായോ ടീമായോ ഹാക്കത്തോൺ, ബിസിനസ് ഐഡിയ അവതരണം എന്നീ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻവേണ്ട നേതൃത്വമെടുക്കുക. ജൂലൈ 20നു മുമ്പു പേര് രജിസ്റ്റർ ചെയ്യുക. (മത്സരത്തിൽ പങ്കെടുത്ത് ആശയങ്ങൾ/പ്രോഡക്റ്റ് അവതരിപ്പിക്കുന്നവർക്ക് അവരുടെ ആശയങ്ങളെ കമ്പനിയായി വളർത്താൻ വിവിധ കോളേജുകളുടെ ഇൻക്യുബേഷൻ സെന്ററുകൾ സൗജന്യമായി ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന എല്ലാ

പിന്തുണകളും നൽകുന്നതാണ്. സാമ്പത്തിക സഹായങ്ങൾ കണ്ടെത്തുന്നതിന് “WINGS 2.0 യുടെ തുടർച്ചയായി സാങ്കേതിക സഹായം ഒരുക്കുന്നതാണ്.

4. സൺഡേസ്കൂൾ, യുവജനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വീഡിയോ മത്സരത്തിൽ ഒരു ടീമിനെ പങ്കെടുപ്പിക്കാൻ മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങളാരംഭിക്കുക.
5. എല്ലാ ഇടവകകളിലും ജൂലൈമാസം ബിസിനസ്സ് കൂട്ടായ്മയായ CAB (Catholic Association of Businessmen) അടിയന്തരമായി ആരംഭിക്കുകയും അവർ മാസത്തിലൊന്ന് ഒന്നിച്ചുകൂടി പ്രാർഥന-പ്രോത്സാഹനം-ആലോചനകൾ എന്നിവവഴി നിലവിലുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക.
6. ‘പള്ളിയോടുചേർന്നു തൊഴിൽശാലസംരംഭം’- നാട്ടിൽ മികച്ച തൊഴിൽ സാധ്യതയും കുടുംബങ്ങൾക്ക് അധികവരുമാനവും ഉറപ്പാക്കാൻ കഴിയുന്ന സംരംഭങ്ങൾ ആരംഭിക്കാൻ വ്യക്തികളെയും കുടുംബങ്ങളെയും പ്രോത്സാഹിപ്പിക്കുക. ഇടവകാംഗങ്ങൾക്കു തൊഴിലും അധികവരുമാനവും നൽകാൻ കഴിയുന്ന സംരംഭങ്ങൾ ഇടവകയുടെ നേതൃത്വത്തിൽ പൊതുവായി ആരംഭിക്കാനുള്ള സാധ്യതകൾ ചർച്ച ചെയ്യുക; നടപ്പിലാക്കുക.
7. കർഷകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കാനായി ഇടവകയോടുചേർന്ന് ‘നാട്ടുവിപണികൾ’ ആരംഭിക്കുക.
8. സംഘടനകളുടെ രൂപത, ഫൊറോനാസമിതികൾ ജൂലൈ ആരംഭത്തിൽതന്നെ മുകളിൽ നിർദേശിച്ച കർമപദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നേതൃത്വം ഇടവകകളിൽ നൽകേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. സഭാദിനം**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനമായ ജൂലൈ 3 സീറോമലബാർ സിനഡിന്റെ നിർദ്ദേശാനുസരണം സഭാദിനമായി ആഘോഷിക്കേണ്ടതാണ്. അന്നത്തെ വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചവഴി സമാഹരിക്കുന്ന തുക ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ നടത്തിപ്പിനായി ജൂലൈ 30-ന് മുമ്പ് രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**2. യുവജനദിനം**

2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ പുറപ്പെടുവിച്ചിരിക്കുന്ന സർക്കുലർ ജൂലൈ 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതും അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനപ്രവർത്തനങ്ങൾക്കായി രൂപതാ എസ്.എം.വൈ.എം. ഓഫീസിൽ നിന്ന് ബന്ധപ്പെട്ടവർ അതാത് ഇടവകകളിൽ വന്ന് ശേഖരിച്ച് രസീതു നൽകുന്നതുമാണ്.

**3. മാസധ്യാനവും വൈദിക സമ്മേളനവും**

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2024 ജൂലൈ മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും

2024 ജൂലൈ മാസം 16-ാം തീയതി വൈകിട്ട് 5 മണിക്ക് അണക്കര PAC യിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദികസമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**4. വൈദികന്മാരുടെ വാർഷികധ്യാനം**

ബഹുമാനപ്പെട്ട വൈദികന്മാരുടെ വാർഷികധ്യാനം ഈ വർഷം സെപ്റ്റംബർ 22 മുതൽ 27 വരെയും സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 4 വരെയും രണ്ട് ബാച്ചുകളായി പൊടിമറ്റം മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ കോട്ടയം പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹുമാനപ്പെട്ട ഫാ. ജിൽസൺ കക്കാട്ടുതടത്തിൽ V.C. ആണ് ധ്യാനം നയിക്കുന്നത്.

**5. Appointments**

| | | |
|---|---|---|
| Rev. Fr. Kappiyankal Thomas | – | SMYM, Forane Director, Anakkara |
| Rev. Fr. Ullattu Sebastian (Jr.) | – | Family Apostolate Forane Director, Pathanamthitta |
| Rev. Fr. Kaippanplackal Jacob | – | Family Apostolate, Forane Director, Ranni |

**Relieved**

| | | |
|---|---|---|
| Rev. Fr. Kalathil Jimmy CMI | – | Asst. Vicar Erumely |
| Rev. Fr. Kuruvanthanathu Dony CMI | – | Asst. Vicar, Puttady |
| Rev. Fr. Kottarathil Anvin CMI | – | Asst. Vicar, Palampra |
| Rev. Fr. Kalapurackal Sijo CMI | – | Asst. Vicar, Chakkupallam |
| Rev. Fr. Thaliyan Cyril CMI | – | Asst. Vicar, Vandenmedu |

| | | |
|---|---|---|
| Rev. Fr. Palackal Mathew | – | SMYM Forane Director, Anakkara |
| Rev. Fr. Kanjirakattu Thomas | – | Family Apostolate Forane Director, Pathanamthitta |
| Rev. Fr. Karuvallil Thomas | – | Family Apostolate, Forane Director, Ranni |

**Re-allocation of the Duties of Protosyncellus and Syncellus**

**1. V. Rev. Fr. Joseph Vellamattam, Protosyncellus**

1. Spiritual and pastoral welfare of the parishes and the faithful, pilgrim centres and shrines.
2. Spiritual and material well-being of priests.
3. Care and welfare of the sick and retired priests, Priest Homes, and Priests' Welfare Association.
4. Visit parish churches and have interactions with the priests.
5. In charge of Women and Men Religious. Coordination of the services of religious houses of both men and women to promote and support pastoral activities of the parishes in active cooperation with the parish priests. To direct the activities of the Nirmala Theological College.
6. Monitor and regulate the various retreat centres of the Eparchy and all retreats, whether they are held in a parish or a region.
7. Take personal care of the seminarians, both in the Major Seminary and Minor Seminary and ensure their proper formation as Priests of God.
8. Promote vocations – a major task that can be ensured through vocation promoters and parish priests and the Vocation Bureau.
9. Department of Liturgy.

10. Pastoral departments – Bible Apostolate, Catechesis, Family Apostolate, KCSL, Cherupushpa Mission League, Pastoral Animation, Society of the Holy Childhood, Charismatic Movement, Jesus Youth and SMYM.
11. Associations – Franciscan Almaya Sabha, Legion of Mary, St. Vincent de Paul Society, Sophia Study Forum.
12. Pastoral Animation Centre (PAC) Anakkara, Nirmala Renewal Centre Podimattam, Nazrani Research Centre Nallathanny, Kerygma Institute of Theology.
13. Mission activities outside the proper territory of the Eparchy, Chanda and Theni Missions and Ecumenism.
14. Director, Pastoral Centre Kanjirapally.
15. Other departments and areas not entrusted to syncelli.

**2. V. Rev. Fr. Boby Alex Mannamplackal, Syncellus**

1. Social organizations – MDS, PDS, KPMC Trust Nallathanny and Community College Nallathanny, Department of Special Care Homes and Charity Institutions (We Care), Bethlehem Bhavan (BIRTH) Kanjirapally, Penuel-Emmanuel Charitable Trust Thampalakadu, DARE Peermade, Temperance Movements, MMT Hospital Mundakayam, Nirmala Community College (CALL) Podimattam, DOVE, INFARM.
2. Social Associations - AKCC, ASOWA, DCMS, Jesus Fraternity, Kerala Labour Movement, Sarathy
3. Educational institutions – Diocesan Education Trust, Manager, Marian College Kuttikanam, Manager, Amal Jyothi College of Engineering Koovapally, Citadel Residential School Ranni, Holy Family International School Elangoi, Corporate Management of

schools. Supervision of all Catholic education institutions working in the Eparchy and Career Centre, Kanjirapally.

4. Amala Communications, Social Media Apostolate, Kanjirapally Cultural Centre (KCC), Pravasy Apostolate.
5. Amala Press, Vimala Books and Publications, Vimala Book House.
6. Public Relations Office, Darshakan Monthly.
7. Inter-religious Dialogue.

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ഫിലിപ്പ് പരുവനാനി
07-07-2012



റവ. ഫാ. ജോൺ കുന്നപ്പള്ളി
11-07-1993



റവ. ഫാ. മാത്യു കാപ്പുകാട്ട്
19-07-1990



റവ. ഫാ. ആന്റണി നിരപ്പേൽ
20-07-2021



റവ. ഫാ. ജോർജ് കോലത്ത്
24-07-2003

# അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ്
# മാർ റാഫേൽ തട്ടിലിന്റെ സന്ദർശനം

സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്ത 2024 ജൂൺ 10, 11 തിയതികളിൽ കാഞ്ഞിരപ്പള്ളി രൂപതാസ്ഥാനത്തെത്തി വിവിധ തലങ്ങളിലുള്ള സംഗമങ്ങളിൽ പങ്കുചേർന്ന് പങ്കുവയ്ക്കലുകൾ നടത്തി.ജൂൺ 11, തിങ്കളാഴ്ച്ച വൈകുന്നേരം മെത്രാസന മന്ദിരത്തിലെത്തിയ മാർ റാഫേൽ തട്ടിലിനെ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ, മുൻ മേലധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് കൂരിയ അംഗങ്ങളുമായി അദ്ദേഹം കൂടിക്കാഴ്ച്ച നടത്തി.

ജൂൺ 11, തിങ്കളാഴ്ച്ച രാവിലെ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രമായ കാഞ്ഞിരപ്പള്ളി പഴയ പള്ളിയിലെത്തിയ അഭിവന്ദ്യ മാർ റാഫേൽ തട്ടിലിന് കത്തീഡ്രൽ വികാരി ആർച്ച്പ്രീസ്റ്റ് ഫാ. വർഗ്ഗീസ് പരിന്തിരിക്കലിന്റെ നേതൃത്വത്തിൽ ഔദ്യോഗിക സ്വീകരണം നല്കി. തുടർന്ന് പഴയപള്ളിയിൽ അദ്ദേഹം പരിശുദ്ധ കുർബാന അർപ്പിച്ചു. വിശ്വാസസാക്ഷ്യം നല്കുന്ന കുടുംബങ്ങൾ യഥാർത്ഥ പ്രേഷിതർക്ക് വഴികാട്ടുന്നുവെന്നും മാർ തോമാശ്ലീഹയുടെ വിശ്വാസപ്രഘോഷണത്തിലൂടെ രൂപപ്പെട്ട നിലയ്ക്കൽ വിശ്വാസസമൂഹത്തിന്റെ തുടർച്ചയെന്ന നിലയിൽ കാഞ്ഞിരപ്പള്ളി രൂപത നല്കുന്ന വിശ്വാസസാക്ഷ്യം അഭിമാനപൂർവ്വം സ്മരിക്കുന്നതായും മാർ റാഫേൽ തട്ടിൽ പരിശുദ്ധ കുർബാനയിലെ വചനസന്ദേശത്തിൽ ഓർമിപ്പിച്ചു.

രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ, പ്രോട്ടോ സിഞ്ചല്ലൂസ് റവ. ഡോ. ജോസഫ് വെള്ളമറ്റം, ആർച്ച്പ്രീസ്റ്റ് ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ എന്നിവർ സഹകാർമ്മികരായിരുന്നു. കാഞ്ഞിരപ്പള്ളി

യിലെയും പരിസരപ്രദേശങ്ങളിലെയും ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നു.

രാവിലെ 8.30 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിലെത്തിയ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് പാസ്റ്ററൽ സെന്ററിലെ വൈദികർ, സിസ്റ്റേഴ്സ്, റീജൻസി ബ്രദേഴ്സ് എന്നിവർക്കൊപ്പം പ്രഭാത ഭക്ഷണത്തിൽ പങ്കുചേർന്നു. തുടർന്ന് മുതിർന്ന വൈദികരെ വിയാനി ഹോമിലെത്തി സന്ദർശിച്ച് സംസാരിച്ചു. കത്തീഡ്രൽ പള്ളിയോട് ചേർന്നുള്ള കർമ്മലീത്ത സന്യാസിനി ഭവനത്തിൽ ഹ്രസ്വ സന്ദർശനം നടത്തിയ അഭിവന്ദ്യ മെത്രാപ്പാലീത്ത, 10.30 ന് പാസ്റ്ററൽ സെന്ററിലെത്തി ജീവനക്കാരുമായി സംവദിച്ചു.

കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ നടത്തപ്പെട്ട സംയുക്ത വൈദിക മാസധ്യാനത്തിൽ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട വൈദിക സമ്മേളനത്തെ അഭിസംബോധന ചെയത് സംസാരിക്കുകയും ചെയ്തു.

കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നടത്തപ്പെട്ട അത്മായ പ്രതിനിധികളുടെ യോഗത്തിലും തുടർന്ന് 4.30 ന് നടത്തപ്പെട്ട സന്യസ്ത പ്രതിനിധികളുടെ യോഗത്തിലും മാർ റാഫേൽ തട്ടിൽ പങ്കെടുത്ത് സംവദിച്ചു. വൈദിക സന്യസ്ത അത്മായ പ്രതിനിധികളുമായുള്ള യോഗങ്ങൾക്കുശേഷം വൈകുന്നേരം 5.30 ന് അദ്ദേഹം കാക്കനാട് മൗണ്ട് സെന്റ് തോമസിലേക്ക് മടങ്ങി.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**കോഡിനേറ്റർ**



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. അഗസ്റ്റിൻ തെക്കേമുറി | 6,750/- |
| റവ. ഫാ. സുനിൽ മുണ്ടിയാനി | 30,000/- |
| റവ. ഫാ. സോണി മണക്കാട്ട് | 10,000/- |
| റവ. ഫാ. റൂബിൻ തോട്ടുപുറം | 50,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**(പ്രസിഡന്റ്)**

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശ ശേഖരണം**

നമ്മുടെ ജീവൻ ദശാംശശേഖരണം പൂർത്തിയാകുന്നു. ജൂലൈ മാസത്തിൽ വിഹിത വിതരണം ആരംഭിക്കുന്നതിനുമുമ്പായി ഓരോ ഇടവകയ്ക്കും ലഭ്യമാകുന്ന വിഹിതം സംബന്ധിച്ചുള്ള അറിയിപ്പ് നല്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക**

സർക്കാർ നിബന്ധനകൾ പാലിക്കേണ്ടതിനാൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. ബഹുമാനപ്പെട്ട വികാരി അച്ചന്റെ അധ്യക്ഷതയിലുള്ള കമ്മറ്റിയുടെ നിർദ്ദേശമനുസരിച്ചുള്ള തുക ഗുണഭോക്താവിന് നല്കുന്നതാണ്.
2. ഓരോ ഇടവകയ്ക്കും ലഭ്യമാകുന്ന വിഹിതത്തിൽനിന്നുമാണ് ഗുണഭോക്താവിനുള്ള തുക നല്കുന്നത്.
3. സർക്കാർ നിബന്ധനയനുസരിച്ച് ഗുണഭോക്താവിന് നേരിട്ടാണ് തുക ലഭ്യമാക്കുന്നത്.
4. ഇടവകയുടെ ലെറ്റർ ഹെഡിൽ താഴെ പറയുന്നവ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട വികാരി അച്ചൻ നല്കുന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് തുക ലഭ്യമാക്കുന്നത്.
   a. ഗുണഭോക്താവിന്റെ പേര് (പാസ് ബുക്കിൽ രേഖപ്പെടുത്തിയതനുസരിച്ച്)
   b. വീട്ടുപേര്, അഡ്രസ്
   c. ഫോൺ നമ്പർ
   d. ആധാർ നമ്പർ
   e. ഗുണഭോക്താവിന് ലഭ്യമാക്കുന്ന തുകയുടെ ലക്ഷ്യം (ഭവന നിർമ്മാണം/ചികിത്സ/വിവാഹസഹായം.... etc.)

f. ഗുണഭോക്താവിന് ലഭ്യമാക്കേണ്ട തുക (ഇടവകയുടെ വിഹിതത്തിനനുസരിച്ച്)

ബഹുമാനപ്പെട്ട വികാരി അച്ചൻ ഒപ്പ് രേഖപ്പെടുത്തി പള്ളിയുടെ സീൽ ചേർത്ത് നല്കുന്ന കത്തിന്റെ ഫോട്ടോയും ഗുണഭോക്താവിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെ ഫോട്ടോയും പാസ്റ്ററൽ ആനിമേഷൻ ഓഫീസിലേയ്ക്ക് വാട്ട്സ് ആപ്പ് (Office : 9645674443, Fr. Stanly : 9496033110) സന്ദേശം നല്കിയാൽ മതിയാവുന്നതാണ്.

5. ദശാംശവിഹിതത്തിൽ നിന്നും ഗുണഭോക്താവിന് തുക ലഭ്യമാക്കുന്ന ഓരോ ട്രാൻസാക്ഷനു ശേഷവും ഇടവകയുടെ നിലവിലെ വിഹിതം, ഇതുവരെയുള്ള ട്രാൻസാക്ഷൻ എന്നിവ രേഖപ്പെടുത്തിയ PDF ബഹുമാനപ്പെട്ട വികാരിയച്ചന് വാട്ട്സ് ആപ്പ് സന്ദേശമായി നല്കുന്നതാണ്. ഇത് ലഭ്യമായില്ലെങ്കിൽ ഓഫീസിൽ അറിയിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

**ഇടയകൂടാരം**

വൈദിക തുടർപരിശീലന പരിപാടിയായ 'ഇടയകൂടാരം' ജൂൺ 17, തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ ജൂൺ 19, ബുധനാഴ്ച വൈകുന്നേരം 5 മണിവരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസന്ദേശം നല്കുകയും ഏറ്റവും ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ തുടർപരിശീലനപരിപാടിയുടെ ക്രമം വിശദീകരിക്കുകയും ചെയ്തു. സഭ, മിശിഹായുടെ ശരീരമെന്ന വിഷയത്തെ അധികരിച്ച് ക്രിയാത്മക ചർച്ചകൾക്കുള്ള ആമുഖം ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ നല്കി. ഇടവക ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട നൈയാമിക വിഷയങ്ങൾ, സാമ്പത്തിക വിനിയോഗം, സാമൂഹ്യസേവന ഡിപ്പാർട്ടുമെന്റുകൾ എന്നിവ സംബന്ധിച്ച് ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ താമരശ്ശേരി കുര്യനച്ചൻ, തടത്തിൽ ഫിലിപ്പച്ചൻ, മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ എന്നിവർ യഥാക്രമം പങ്കുവയ്ക്കലുകൾ നടത്തി. വിവാഹവുമായി ബന്ധപ്പെട്ട സഭാ നിയമങ്ങൾ, Safe Environment എന്നിവ സംബന്ധിച്ച് വൈസ് ചാൻസലർ

ഏറ്റവും ബഹുമാനപ്പെട്ട ശൗര്യാംകുഴി മാത്യു അച്ചൻ സംസാരിച്ചു. ഗ്രൂപ്പ് ചർച്ചകളെ തുടർന്ന് അഭിവന്ദ്യ പിതാവ്, ഡിപ്പാർട്ട്മെന്റുകൾ (വി കെയർ, യുവദീപ്തി, കുടുംബപ്രേഷിതത്വം, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്) എന്ന ക്രമത്തിൽ പങ്കുവയ്ക്കലുകളുമുണ്ടായിരുന്നു. ബാച്ച് അടിസ്ഥാനത്തിൽ 15 വൈദികർ പങ്കെടുക്കുകയും അഭിവന്ദ്യ പിതാവുമായി വ്യക്തിപരമായി സംസാരിക്കുകയും ചെയ്തു.

അനുഗ്രഹ റിന്യൂവൽ സെന്ററിൽ ഹൃദ്യമായ ക്രമീകരണങ്ങളൊരുക്കിയ ഡയറക്ടർ നീണ്ടുശ്ശേരി ബഹുമാനപ്പെട്ട ജയിംസച്ചൻ സി.എം.ഐ., അഡ്മിനിസ്ട്രേറ്റർ കൊട്ടാരത്തിൽ അൻവിനച്ചൻ, റീജന്റ് ബ്രദർ ഗർവാസിസ്, വൈദികവിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**സന്യസ്ത സംഗമം**

രൂപതാ സുവർണ്ണജൂബിലിക്കൊരുക്കമായി നടത്തപ്പെടുന്ന സന്യസ്ത സംഗമം ജൂൺ 29 ശനിയാഴ്ച നിർമ്മല റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. 1995 മുതൽ 1999 വരെയുള്ള നിർമ്മല തിയോളജിക്കൽ കോളേജ് പൂർവവിദ്യാർത്ഥികളാണ് സംഗമത്തിൽ പങ്കെടുത്തത്. രൂപത വികാരി ജനറാളും ചാൻസലറുമായ റവ. ഡോ. കുര്യൻ താമരശ്ശേരി ക്ലാസ് നയിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി. നിർമ്മല തിയോളജിക്കൽ കോളേജിലെ പൂർവ്വവിദ്യാർത്ഥികളായ സന്യാസിനികളുടെ സംഗമാവസരമെന്ന നിലയിലും കൂടി സംഘടിപ്പിക്കുന്ന പരിശീലന പരിപാടി കോൺഫറൻസ് ഓഫ് റിലിജിയസ് ഇന്ത്യ (CRI), നിർമ്മല തിയോളജിക്കൽ കോളജ് എന്നിവയുടെ സഹകരണത്തിലാണ് സംഘടിപ്പിക്കുന്നത്.

**ഇടവക ശുശ്രൂഷ നിർവഹിക്കുന്ന സന്യാസവൈദിക സംഗമം**

ഇടവകകളിൽ ശുശ്രൂഷ നിർവഹിക്കുന്നതിനായെത്തിയ സന്യാസ വൈദികരുടെ സംഗമം ജൂലൈ 11, വ്യാഴാഴ്ച പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ബഹുമാനപ്പെട്ട വൈദികരോട് പങ്കുവയ്ക്കലുകൾ നടത്തും. ഇടവക ശുശ്രൂഷ നിർവ്വഹണത്തിൽ ശ്രദ്ധിക്കേണ്ടവ സംബന്ധിച്ച് ഓർമ്മപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടിയായാണ് സംഗമം ക്രമീകരിച്ചിരിക്കുന്നത്.

# റെയിൻബോ 2021

ഭവനനിർമ്മാണം പൂർത്തിയായി. ഭവനങ്ങൾ ജൂലൈ മാസത്തിൽ ആശീർവദിക്കുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

---

## അജപാലനോത്തേജന വിഭാഗം

### ജൂബിലി കോഡിനേഷൻ ടീം സംഗമം

ഓരോ ഇടവകയിലെയും ജൂബിലി കോഡിനേഷൻ ടീം സംഗമം ഫൊറോനാ അടിസ്ഥാനത്തിൽ ഓൺലൈനായി നടത്തപ്പെടുന്നതാണ്. സമയക്രമം സംബന്ധിച്ച് പിന്നീട് അറിയിക്കുന്നതാണ്.

### കുടുംബക്കൂട്ടായ്മ പ്രാർത്ഥനാ സഹായി

റംശ നമസ്കാരത്തിന്റെ ഘടനയിൽ പൂർത്തിയാക്കിയ കുടുംബക്കൂട്ടായ്മ പ്രാർത്ഥനാ സഹായി നമ്മുടെ രൂപതയിലെ എല്ലാ കുടുംബക്കൂട്ടായ്മകളിലും ഉപയോഗിക്കാവുന്ന വിധത്തിൽ ലളിതമായാണ് തയ്യാറാക്കിയിരിക്കുന്നത്. ഇനിയും പ്രസ്തുത ക്രമം ഉപയോഗിക്കുന്നതിനാരംഭിക്കാത്ത ഇടവകകൾ അതാരംഭിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കോപ്പിയൊന്നിന് 40/- രൂപ നിരക്കിൽ പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ നിന്നും പ്രാർത്ഥനാസഹായി ലഭ്യമാകുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2024 ജൂലൈ മാസത്തെ കർമ്മപരിപാടികൾ**

3 ബുധൻ : നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ, സഭാദിനം.

5 വെള്ളി : കർത്താവിന്റെ എഴുപത് ശിഷ്യന്മാരുടെ തിരുനാൾ

6 ശനി : വി. മരിയ ഗൊരേത്തിയുടെ തിരുനാൾ.

7 ഞായർ : പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ)

10 ബുധൻ : HDC യിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന ദിവസം

13 ശനി : CTC 39-ാം ബാച്ച് ഉദ്ഘാടനം. 38-ാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം രാവിലെ 9.30 ന്. തുടർന്ന് CTC ക്ലാസ് 3.30 വരെ (പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി).

16 ചൊവ്വ : HDC ഉദ്ഘാടനം. മുൻ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം രാവിലെ 9.30 ന്. തുടർന്ന് ക്ലാസ് 3.30 വരെ (ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ, കാഞ്ഞിരപ്പള്ളി).

: SMCC സംഘടിപ്പിക്കുന്ന വിശ്വാസജീവിത പരിശീലകരുടെ ദശദിന ഓൺലൈൻ ട്രെയിനിംഗ് പ്രോഗ്രാം – ജൂലൈ 16 മുതൽ 25 വരെ. (സമയം 8.30 pm – 9.30 pm)

: കർമ്മല മാതാവിന്റെ തിരുനാൾ

19 വെള്ളി : മാർ മാറിയുടെ (മാർ അദ്ദായിയുടെ ശിഷ്യൻ) തിരുനാൾ.

25 വ്യാഴം : വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ.

26 വെള്ളി : വി. ജോവാക്കിമിന്റെയും വി. അന്നയുടെയും തിരുനാൾ

27 ശനി : വി. അൽഫോൻസാമ്മയുടെ തിരുനാൾ. (ജൂലൈ 28)

28 ഞായർ : BTC യിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം കേന്ദ്ര ഓഫീസിൽ അറിയിക്കേണ്ട അവസാനദിവസം

: SMCC യുടെ ആഭിമുഖ്യത്തിലുള്ള പ്രഥമാധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ്.

: മുത്തശ്ശി മുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം.

## Catechists' Training Course (C.T.C)

CTC യുടെ 39-ാം ബാച്ച് ഉദ്ഘാടനം ജൂലൈ 13-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യും. 38-ാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും പ്രസ്തുത സമ്മേളനത്തിൽ വച്ച് നടത്തുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലാണ് ക്ലാസ് ക്രമീകരിച്ചിരിക്കുന്നത്. ഹെഡ്മാസ്റ്റർമാരാകാൻ CTC മിനിമം യോഗ്യതയാണെന്ന കാര്യം പരിഗണിക്കുമല്ലോ.

ക്ലാസുകൾ ഓഫ്ലൈനായും ഓൺലൈൻ ആയും ആണ് നടത്തുക. കൂടുതൽ വിവരങ്ങൾക്ക് Catechetical Directory പേജ് 14-15 കാണുക.

## Higher Diploma Course (HDC)

വിശ്വാസജീവിതപരിശീലകരുടെ ഉപരിപഠനമായ HDC കോഴ്സിന്റെ 2024-25 ബാച്ചിന്റെ ഉദ്ഘാടനം ജൂലൈ 16-ാം തീയതി ചൊവ്വാഴ്ച കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് അഭി

വന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിക്കുന്നതാണ്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം എന്നീ അടിസ്ഥാന മതബോധന ഗ്രന്ഥങ്ങൾ ആറ് ക്ലാസുകളിലൂടെ പഠിപ്പിക്കുന്ന HDC പൊതു അവധിദിവസങ്ങളിലാണ് നടത്തുക. HDC യിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇടവകകളിൽ എത്തിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫോമുകളിൽ പേര് എഴുതി ജൂലൈ 10-ാം തീയതിക്കുള്ളിൽ ഫോം തിരികെ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്കായി Catechetical Directory പേജ് 15 കാണുക).

**ജൂൺ 9, 16 - പതിനൊന്നാം ക്ലാസിലെ അദ്ധ്യാപകരുടെ പരിശീലനം**

പതിനൊന്നാം ക്ലാസിലെ നവീകരിച്ച പാഠപുസ്തകപരിചയപ്പെടലും പരിശീലനവും ജൂൺ 9, 16 തീയതികളിലായി യഥാക്രമം പുളിയൻമല, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ നടന്നു. അദ്ധ്യാപകർ പുതിയ പാഠപുസ്തകവും അതിൽ അവലംബിച്ചിരിക്കുന്ന നൂതന അദ്ധ്യായനശൈലിയും പരിചയപ്പെടുകയും പരിശീലിക്കുകയും ചെയ്തു. ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടം, ശ്രീ. ബിനീഷ് ജോസഫ് കളപ്പുരയ്ക്കൽ, ശ്രീമതി റീബി മാർട്ടിൻ പേഴത്തുവയലിൽ, ശ്രീമതി ലിസ്ബി ഇളയാനിത്തോട്ടം എന്നിവർ പരിശീലന പരിപാടികൾ നയിച്ചു.

**ജൂലൈ 16 - ജൂലൈ 25 : SMCC Online Training Programme**

സീറോ മലബാർ സഭയുടെ വിശ്വാസജീവിതപരിശീലന കമ്മീഷൻ (SMCC) വിശ്വാസജീവിതപരിശീലകർക്കായി ജൂലൈ 16 മുതൽ ജൂലൈ 25 വരെ ദശദിന ഓൺലൈൻ ട്രെയിനിംഗ് നടത്തുന്നു. എല്ലാ ദിവസവും വൈകുന്നേരം 8.30 മുതൽ 9.30 വരെയാണ് ക്ലാസുകൾ. വിശ്വാസപ്രമാണം ആണ് ഈ വർഷത്തെ പഠനവിഷയം. യുട്യൂബ് ലിങ്ക് അധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ നൽകുന്നതാണ്.

മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും ഈ ക്ലാസുകളിൽ പങ്കെടുക്കേണ്ടതാണ്.

**പ്രഥമാദ്ധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ്**

സീറോമലബാർ സഭയുടെ വിശ്വാസജീവിതപരിശീലന കമ്മീഷൻ (SMCC) സംഘടിപ്പിക്കുന്ന സൺഡേസ്കൂൾ പ്രഥമാദ്ധ്യാപകരുടെ സമ്മേളനം ജൂലൈ 28 ഞായറാഴ്ച ഓൺലൈനായി നടത്തുന്നതാണ്. എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

**നന്ദി, സ്വാഗതം**

കഴിഞ്ഞ ഒരു വർഷക്കാലം കട്ടപ്പന ഫൊറോന സെക്രട്ടറിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച സി. അൻസിൽ മരിയ എഫ്.സി.സി.യ്ക്ക് ഹൃദയം നിറഞ്ഞ നന്ദി. കട്ടപ്പന ഫൊറോനയുടെ പുതിയ സെക്രട്ടറിയായി നിയോഗിക്കപ്പെട്ടിരിക്കുന്ന സി. വിനീത SCJG യ്ക്ക് ഹൃദ്യമായ സ്വാഗതം.

**മാതാപിതാക്കൾക്കായുള്ള സെമിനാറും PTF രൂപീകരണവും**

വിശ്വാസജീവിതപരിശീലനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ജൂലൈ മാസത്തിൽ ഇടവകതല സെമിനാറുകൾ നടത്തുകയും അദ്ധ്യാപക-രക്ഷാകർത്തൃകൂട്ടായ്മ (Parent-Teacher Fellowship) പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്യുമല്ലോ.

**സ്ഥിതിവിവരം**

വിശ്വാസജീവിതപരിശീലകരുടെയും കുട്ടികളുടെയും സ്ഥിതിവിവരം രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ജൂൺ 30 ഞായർ ആയിരുന്നല്ലോ. സ്ഥിതിവിവരം പൂർത്തിയാക്കാത്തവർ അത് എത്രയും വേഗം പൂർത്തിയാക്കി പ്രിന്റ് എടുത്ത് വികാരിയച്ചൻ, ഹെഡ്മാസ്റ്റർ എന്നിവരുടെ ഒപ്പോടുകൂടെ ഉടൻ തന്നെ സുവാറ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## വിശ്വാസപരിശീലന മണിക്കൂർ

ശനിയാഴ്ചകളിൽ വൈകുന്നേരം ഒരു മണിക്കൂർ സമയം വിശ്വാസജീവിതപരിശീലനത്തിന്റെ ഭാഗമായുള്ള പഠനത്തിനും വിചിന്തനങ്ങൾക്കുമായി, മറ്റു കാര്യങ്ങളെല്ലാം മാറ്റിവച്ച്, മാതാപിതാക്കളും മുതിർന്ന കുടുംബാംഗങ്ങളും കുട്ടികളോടൊപ്പം ഒന്നുചേരുന്ന അവസരമാണ് വിശ്വാസപരിശീലന മണിക്കൂർ.

ഈ വർഷത്തെ വിശ്വാസപരിശീലന മണിക്കൂർ ജൂൺ 8-ാം തീയതി ശനിയാഴ്ച മുതൽ നാം ആരംഭിച്ചുകഴിഞ്ഞു. 'കൃപനിറഞ്ഞ ബാല്യം; ആത്മപൂരിത യൗവ്വനം' എന്ന ഈ വർഷത്തെ പ്രവർത്തന മുദ്രാവാക്യം വിജയപ്രദമാക്കുന്നതിനായി നാം നടത്തുന്ന ഈ പരിശ്രമത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

## സർട്ടിഫിക്കറ്റ്

2023 - 2024 അദ്ധ്യയനവർഷത്തിൽ 12-ാം ക്ലാസ് പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ 11-ാം ക്ലാസിലെ അധ്യാപകരുടെ പരിശീലനത്തോടനുബന്ധിച്ച് ഹൈറേഞ്ചിലും ലോറേഞ്ചിലുമായി വിതരണം ചെയ്തിരുന്നു. ഇനിയും കൈപ്പറ്റാത്തവർ സുവാറ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്. നൽകിയ സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനും സർട്ടിഫിക്കറ്റുകൾ വീണ്ടും നൽകുന്നതിനും വികാരിയച്ചന്റെ രേഖാമൂലമുള്ള ശിപാർശ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഫീസ് ഉണ്ടായിരിക്കും. തിരുത്തലുകൾ നടത്തേണ്ട സാഹചര്യങ്ങളിൽ തിരുത്തേണ്ട വിവരങ്ങൾ ഏവ എന്ന് ബഹുമാനപ്പെട്ട അച്ചന്മാർ വ്യക്തമായി ശിപാർശക്കത്തിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. (Catechetical Directory pages 26-27).

**ജൂൺ ഡയറി**

**വിശ്വാസപരിശീലന വർഷാരംഭം.**

2023 – 2024 വിശ്വാസജീവിതപരിശീലനവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രലിൽ നടന്നു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സന്ദേശം നൽകുകയും കുട്ടികളോടൊത്ത് തിരിതെളിച്ച് അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കത്തീഡ്രൽ പള്ളി വികാരി പെരിയ ബഹു. വർഗീസ് പരിന്തിരിക്കലച്ചൻ സ്വാഗതവും രൂപതാഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ കൃതജ്ഞതയും അർപ്പിച്ചു. സൗകര്യങ്ങൾ ഒരുക്കിത്തന്ന കത്തീഡ്രൽ ഇടവകയ്ക്ക് നന്ദി.

**ജൂൺ 2 ഞായർ : പ്രവേശനോത്സവം**

ഒന്നാം ക്ലാസിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനോത്സവം എല്ലാ ഇടവകകളിലും അതിമനോഹരമായി ക്രമീകരിച്ചു. ഇതിനു വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകിയ എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും വിശ്വാസജീവിതപരിശീലകരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ജൂലൈ മാസത്തെ കർമ്മപരിപാടികൾ**

3 ബുധൻ – നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ, പൊതുസമ്മേളനം, മിഷൻലീഗ് അംഗത്വ സ്വീകരണ ദിനം

12 വെള്ളി – വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വി. ലൂയി മാർട്ടിന്റെയും വി. സെലിന്റെയും തിരുനാൾ

27 ശനി – മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ (ജൂലൈ 28) : പൊതുസമ്മേളനം : വൈസ് ഡയറക്ടേഴ്സ് ഡേ

31 ബുധൻ – ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫോമുകൾ രൂപതാ ഓഫീസിൽ എത്തിക്കാനുള്ള അവസാനദിവസം

**ദുക്റാന തിരുനാൾ**

ജൂലൈ 3-ാം തീയതി മിഷൻലീഗിന്റെ പൊതുസമ്മേളനം നടത്തേണ്ട ദിവസമാണ്. ജൂലൈ മൂന്ന് മിഷൻലീഗ് അംഗത്വസ്വീകരണ ദിനമായും ആചരിക്കുന്നു. അന്നേദിവസം എല്ലാ പള്ളികളിലും മിഷൻലീഗ് പതാക ഉയർത്തി മിഷൻ ആന്തം ആലപിക്കുകയും പൊതുയോഗത്തിൽ വച്ച് 5-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളെ സ്റ്റേജിലേയ്ക്ക് ക്ഷണിച്ച് മിഷൻലീഗിന്റെ ബാഡ്ജ് നൽകി അവരെ സംഘടനയിലേയ്ക്ക് ഔദ്യോഗികമായി സ്വീകരിക്കുകയും ചെയ്യുന്നു.

അതിനുശേഷം എല്ലാവരും ചേർന്ന് മിഷൻ പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

## വി. അൽഫോൻസാമ്മയുടെ തിരുനാൾ

മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ സി.എം.എൽ. വൈസ് ഡയറക്ടേഴ്സ് ഡേ ആയി ആചരിക്കുന്നു. വൈസ് ഡയറക്ടർമാരായ ബഹു. സിസ്റ്റേഴ്സ്/ ടീച്ചേഴ്സിനെ ആദരിക്കുന്ന പരിപാടികൾ അന്നേദിവസം ക്രമീകരിക്കുമല്ലോ. അൽഫോൻസാമ്മയുടെ തിരുനാൾ മിഷൻലീഗ് പൊതുയോഗം നടത്തേണ്ട ദിവസവുമാണ്.

## പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം

മിഷൻലീഗിന്റെ അടിസ്ഥാന ഘടകം 7 അംഗങ്ങൾ അടങ്ങുന്ന യൂണിറ്റാണ്. 5-ാം ക്ലാസിലെ കുട്ടികളെ പുതിയ അംഗങ്ങളായി സ്വീകരിച്ച് അവർക്ക് മിഷൻലീഗ് ബാഡ്ജ് നൽകി ഗ്രൂപ്പുകളായി തിരിക്കേണ്ടതാണ്. ഓരോ ഗ്രൂപ്പിനും ലീഡറെ തെരഞ്ഞെടുക്കുകയും മാനുവൽ ബുക്ക് നൽകുകയും വേണം. മാനുവൽ ബുക്ക് ഉപയോഗം സംബന്ധിച്ച വിവരങ്ങൾ പ്രവർത്തനമാർഗ്ഗരേഖ 2024-2025 പേജ് 80 ൽ നൽകിയിട്ടുണ്ട്. മാനുവൽ ബുക്ക് ഉപയോഗിക്കേണ്ട വിധവും പ്രവർത്തനമാർഗ്ഗരേഖ 2024-2025 പേജ് 70-78 ൽ നൽകിയിരിക്കുന്ന മിഷൻ ലീഗിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങളും കുട്ടികൾക്ക് നൽകാൻ 5-ാം ക്ലാസിലെ അദ്ധ്യാപകരും ടീച്ചർ ഓർഗനൈസർമാരും ശ്രദ്ധിക്കുമല്ലോ.

## ലോഗോസ് ക്വിസ് 2024

ലോഗോസ് ക്വിസിന് മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും ഇടവകകളിൽ ഓൺലൈൻ രജിസ്ട്രേഷനുകൾ നടത്തിയതിനുശേഷം പ്രിന്റ് എടുത്ത് കോപ്പികൾ രൂപതാ വിശ്വാസജീവിത പരിശീലനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഓഫീസിൽ ജൂലൈ 31 -നകം എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപ. രജിസ്ട്രേഷൻ ഫോമിനൊപ്പം രജിസ്ട്രേഷൻ ഫീസും (രൂപതയിൽ അടയ്ക്കേണ്ട തുക ഒരാൾക്ക് 18 രൂപ) നൽകേണ്ടതാണ്. www.logosquiz.org എന്ന സൈറ്റിൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. രൂപതാതല ലോഗോസ് ക്വിസ് മത്സരം സെപ്റ്റംബർ 29-ാം തീയതി നടത്തപ്പെടുന്നതാണ്.

**മെയ് ജൂൺ ഡയറി**

**മിഷൻലീഗ് രൂപതാ ഭാരവാഹികൾ**

മെയ് 27-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന തെരഞ്ഞെടുപ്പിൽ കാഞ്ഞിരപ്പള്ളി രൂപതാ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു.

പ്രസിഡന്റ് ക്ലെമന്റ് തെരുവൻകുന്നേൽ (മാങ്ങാപ്പാറ), വൈസ് പ്രസിഡന്റ് നോറാ ആലാനിയ്ക്കൽ (ഉപ്പുതറ), സെക്രട്ടറി ജിയോ തെക്കേൽ (ഇടമൺ), ജോയിന്റ് സെക്രട്ടറി ദിയ പള്ളിവാതുക്കൽ (കൊല്ലമുള), ഓർഗനൈസർമാർ സിയോൺ കൊന്നയ്ക്കൽ (ചെല്ലാർകോവിൽ), ഇവാനിയ വണ്ണഞ്ചേരിൽ (മേരികുളം).

രൂപതാ പ്രോട്ടോ സിൻചെല്ലൂസ് ഏറ്റം ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ സമാപനസന്ദേശം നൽകി. പുതിയ ഭാരവാഹികൾ ഏറ്റം ബഹു. ജോസഫ് വെള്ളമറ്റം അച്ചന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു.

ഉച്ചതിരിഞ്ഞ് ഫൊറോന ഡയറക്ടർമാർ, വൈസ് ഡയറക്ടർമാർ, ഓർഗനൈസിംഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സമ്മേളനം നടന്നു. ഓർഗനൈസിംഗ് സെക്രട്ടറിയായി ഇ.കെ. ആന്റണി കാരാട്ടില്ലം (മുണ്ടക്കയം), ജോയിന്റ് സെക്രട്ടറിയായി സുജ ടോമിച്ചൻ പാലമുറിയിൽ (ചിറക്കടവ്) വൈസ് പ്രസിഡന്റായി ഷൈനു സാജു പടന്നമാക്കൽ (പൊടിമറ്റം) എന്നിവരെ തെരഞ്ഞെടുത്തു.

**ഫിയാത്ത് മിഷൻ : Papyrus പേപ്പർ ശേഖരണം**

ഫിയാത്ത് മിഷന്റെ ബൈബിൾ വിതരണത്തിനായുള്ള പാപ്പിറസ് പേപ്പർ ശേഖരണ പദ്ധതിയുടെ ഭാഗമായി കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പമിഷൻലീഗും SMYM ഉം ചേർന്ന് പേപ്പർ ശേഖരണം നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽനിന്ന് ശേഖരിച്ച പേപ്പർ ഫൊറോനാകളിലെ വിവിധ കളക്ഷൻ പോയിന്റുകളിൽ എത്തിച്ചു. അവിടങ്ങളിൽ നിന്ന് അണക്കര ഫൊറോനാപള്ളി, ചെങ്കൽ എയ്ഞ്ചൽസ് വില്ലേജ് എന്നിവിടങ്ങളിൽ എത്തിച്ച പേപ്പറുകൾ ഫിയാത്ത് മിഷന് കൈമാറി. പദ്ധതിയുമായി സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**കഴിഞ്ഞ മാസത്തിലെ പരിപാടികൾ**

ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ ക്ലാസുകൾ ജൂൺ 8 ശനി, 15 ശനി ദിവസങ്ങളിലായി യഥാക്രമം ബാച്ച് ഒന്നിനും രണ്ടിനുമായി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. വി. യോഹന്നാൻശ്ലീഹാ അറിയിച്ച സുവിശേഷത്തെക്കുറിച്ചുള്ള ഈ ക്ലാസുകൾ രാവിലെ 10.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30 ന് സമാപിച്ചു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ജൂൺ 19-ാം തീയതി ബുധനാഴ്ച, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർക്കായി സംഘടിപ്പിച്ച സമ്മേളനത്തിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

ജൂൺ 22-ാം തീയതി ശനിയാഴ്ച ബൈബിൾ ദൈവശാസ്ത്രഡിപ്ലോമാ കോഴ്സിന്റെ അപ്പസ്തോലപ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ 2-ാം ബാച്ചിനായി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി.

ജൂൺ 24 തിങ്കൾ 25 ചൊവ്വ ദിവസങ്ങളിലായി D.S.T. സന്യാസിനീ സമൂഹത്തിന്റെ പാലാ പ്രൊവിൻസിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനായി 'വിളിയും ദൗത്യവും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നൽകി.

**ഈ മാസത്തിലെ പരിപാടികൾ**

ജൂലൈ മാസത്തിൽ ബൈബിൾ ഡിപ്ലോമാ കോഴ്സിന്റെ രണ്ടു ബാച്ചുകാർക്കും വെളിപാടു പുസ്തകത്തെക്കുറിച്ചുള്ള ക്ലാസുകളാണ് നൽകുന്നത്. ആദ്യബാച്ചിന് ജൂലൈ 13-ാം തീയതി രണ്ടാം ശനിയാഴ്ചയും രണ്ടാമത്തെ ബാച്ചിന് ജൂലൈ 20-ാം തീയതി ശനിയാഴ്ചയു

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**ജൂലൈ**

3 – ദുക്റാന പദയാത്ര

9 – യുവജന ദിനാചരണം

13,14 – Teen Fest എരുമേലി , റാന്നി- പത്തനംതിട്ട

16 – LEAD ലോറേഞ്ച് മേഖല

20,21 – Teen Fest അണക്കര, കുമിളി

25 – എസ്.എം.വൈ.എം. യൂണിറ്റ് ഉദ്ഘാടനം – അമൽ ജ്യോതി കോളേജ് കാഞ്ഞിരപ്പള്ളി

27,28 – Teen Fest പെരുവന്താനം, മുണ്ടക്കയം

**നൈറ്റ് വിജിൽ**

ജൂൺ ഏഴാം തീയതി ചിറക്കടവ് സെന്റ് എഫ്രേം ദേവാലയത്തിൽ യുവജനങ്ങൾക്കായി നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഫാദർ തോമസ് നരിപ്പാറയിൽ, ബ്രദർ റ്റോബിൻ ഏർത്തുകുന്നേൽ

---

## ബൈബിൾ അപ്പോസ്തലേറ്റ്

മാണ് ക്ലാസുകൾ ഉള്ളത്. കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്ന ഈ ക്ലാസുകൾ രാവിലെ 10.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് സമാപിക്കുന്നതാണ്.

**ഫാ. ആന്റണി ചെല്ലംതറ**
**ഡയറക്ടർ**

എന്നിവർ നേതൃത്വം നൽകി. രൂപത എസ്.എം.വൈ.എം. ഭാരവാഹികളും ഇതിൽ പങ്കെടുത്തു. അറുപതോളം യുവജനങ്ങൾ ഈ നൈറ്റ് വിജിലിൽ പങ്കെടുത്തു.

**എസ്.എം.വൈ.എം. സ്റ്റേറ്റ് ഇലക്ഷൻ സെനറ്റ് സമ്മേളനം**

ജൂൺ ഒമ്പതാം തീയതി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തപ്പെട്ട എസ്.എം.വൈ.എം. സ്റ്റേറ്റ് ഇലക്ഷൻ സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ പ്രതിനിധികൾ പങ്കെടുത്തു. ഈ ഇലക്ഷനിൽ സംസ്ഥാന ഡെപ്യൂട്ടി പ്രസിഡണ്ടായി കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. എക്സിക്യൂട്ടീവ് മെമ്പർ അലൻ പടിഞ്ഞാറേക്കര തിരഞ്ഞെടുക്കപ്പെട്ടു.

**മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനം**

ജൂൺ പതിനൊന്നാം തീയതി സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് കാഞ്ഞിരപ്പള്ളി രൂപത സന്ദർശിച്ചതിനോട് അനുബന്ധിച്ച് നടത്തിയ സംഘടന ഭാരവാഹികളുടെ സമ്മേളനത്തിൽ രൂപത എസ്.എം.വൈ.എം. പ്രതിനിധികൾ പങ്കെടുക്കുകയും, രൂപതാപ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

**രൂപത എക്സിക്യൂട്ടീവ് സമ്മേളനം**

ജൂൺ പതിനഞ്ചാം തീയതി ഉച്ചകഴിഞ്ഞ് രണ്ടര മുതൽ ആറു വരെ രൂപത എസ്.എം.വൈ.എം. ഓഫീസിൽ രൂപത എക്സിക്യൂട്ടീവ്സിന്റെ സമ്മേളനം നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ സംഘടനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**ഫൊറോന എക്സിക്യൂട്ടീവ് സമ്മേളനം**

ജൂൺ പതിനാറാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ അഞ്ചുമണി വരെ കാഞ്ഞിരപ്പള്ളി എസ്.എം.വൈ.എം. ഓഫീസിൽ വെച്ച് ഫൊറോന എക്സിക്യൂട്ടീവ് സമ്മേളനം നടത്തപ്പെട്ടു.

ഫൊറോന തലത്തിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമായി ഭാവി പരിപാടികൾ ചിട്ടപ്പെടുത്തുന്നതിനും ഈ സമ്മേളനം ഊന്നൽ നൽകി.

**യൂണിറ്റ് വിസിറ്റ്**

ജൂൺ 7 വൈകുന്നേരം 5:00 മണിക്ക് രൂപത ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ ചിറക്കടവ് സെന്റ് എഫ്രേം പള്ളിയിലെ യുവജനങ്ങളെ സന്ദർശിച്ച് സന്ദേശം നൽകി.

ജൂൺ പതിനാറാം തീയതി രാവിലെ ഏഴുമണിക്ക് അറയാഞ്ഞിലിമണ്ണ് സെന്റ് ജോസഫ് ഇടവകയിൽ സന്ദർശനം നടത്തി യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങൾക്ക് സന്ദേശം നൽകുകയും ചെയ്തു. രൂപത ഡയറക്ടർ ഫാദർ തോമസ് നരിപ്പാറയിൽ യൂണിറ്റ് വിസിറ്റിന് നേതൃത്വം നൽകി.

ജൂൺ പതിനാറാം തീയതി രാവിലെ 9:30 ന് ഉമിക്കുപ്പ ലൂർദ് മാതാ പള്ളിയിൽ രൂപത എസ്.എം.വൈ.എം. ഡയറക്ടർ ഫാദർ തോമസ് നരിപ്പാറയിൽ വിശുദ്ധ ബലിയർപ്പിക്കുകയും യുവജനങ്ങൾക്കായുള്ള സന്ദേശം നൽകുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സും ഈ യൂണിറ്റ് വിസിറ്റിൽ പങ്കെടുത്തു.

**ഒറീസ മിഷൻ സംഗമം**

ഫെയ്ത്ത് കോൺഫറൻസിനോട് അനുബന്ധിച്ചു നടത്തപ്പെട്ട ഒറീസ മിഷൻ സന്ദർശിച്ച യുവജനങ്ങളുടെ സംഗമം ജൂൺ പതിനേഴാം തീയതി നടത്തപ്പെട്ടു. രൂപതാ എസ്.എം.വൈ.എം. ഡയറക്ടർ ഫാദർ തോമസ് നരിപ്പാറയിൽ യുവജനങ്ങൾക്ക് സന്ദേശം നൽകുകയും വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

**പ്രവർത്തന വിവരണം**

ഇടയ കൂടാരത്തിൽ പങ്കെടുത്ത വൈദികർക്ക് ജൂൺ 19 ന് ഡയറക്ടർ റവ. ഫാ. തോമസ് നരിപ്പാറയിൽ എസ്.എം.വൈ.എം. ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരണം നൽകി.

**LEAD**

ഹൈറേഞ്ച് മേഖലയിലെ ഇടവകതല എക്സിക്യൂട്ടീവ് അംഗങ്ങൾക്കായുള്ള ഏകദിന നേതൃത്വ പരിശീലനം ലീഡ് 2024 അട്ടപ്പള്ളം സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാദർ തോമസ് നരിപ്പാറയിൽ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. രൂപത ആനിമേറ്റർ സിസ്റ്റർ മേബിൾ എസ്.എ.ബി.എസ്, റീജന്റ് ബ്രദർ ടോബിൻ ഏർത്തുകുന്നേൽ, രൂപത സമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**സ്വാഗതം**

എസ്.എം.വൈ.എം. അണക്കര ഫൊറോന ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഫാദർ തോമസ് കപ്പിയാങ്കലിന് എസ്.എം. വൈ.എം. കുടുംബത്തിലേക്ക് സ്വാഗതം.

**അഭിനന്ദനങ്ങൾ**

എസ്.എം.വൈ.എം. സ്റ്റേറ്റ് ഡെപ്യൂട്ടി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട കാഞ്ഞിരപ്പള്ളി രൂപത എക്സിക്യൂട്ടീവ് അലൻ പടിഞ്ഞാറേക്കരയ്ക്ക് എസ്.എം.വൈ.എം. രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

ജൂൺ 6, 7, 8 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും (NRC), ജൂൺ 20, 21, 22 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും (PAC) വച്ച് വിവാഹഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## വരുന്ന ധ്യാന തീയതികൾ

| | |
|---|---|
| ജൂലൈ 4,5,6 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ജൂലൈ 18,19,20 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| ഓഗസ്റ്റ് 1,2,3 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഓഗസ്റ്റ് 15,16,17 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |

രജിസ്ട്രേഷൻ ഫീസ്: 1700 (ആയിരത്തി എഴുനൂറ് രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 700/-രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828-205628, 201100.

**ഹോംമിഷൻ**

ഹോംമിഷന് ഒരുക്കമായി ജൂൺ 16-ാം തീയതി പൊടിമറ്റം സെന്റ് മേരീസ് ഇടവക സന്ദർശിക്കുകയും ഇടവകജനത്തെ ഹോംമിഷനായി ഒരുക്കുകയും ചെയ്തു.

ജൂൺ 16-21 തീയതികളിൽ പൊടിമറ്റം സെന്റ് മേരീസ് ഇടവകയിൽ SABS, SH, CMC, FCC, SCJG സന്യാസസമൂഹങ്ങളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തപ്പെട്ടു.

**പ്രോലൈഫ് എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 2-ാം തീയതി പ്രോലൈഫ് രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഈ കാലയളവിൽ നടത്തപ്പെടേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**എബ്നേസർ സംഗമം**

കാഞ്ഞിരപ്പള്ളി രൂപതയിൽ 2024 ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വിവാഹം കഴിഞ്ഞ ദമ്പതികളുടെ സംഗമം 2024 ഓഗസ്റ്റ് 4 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**എൽറോയി സംഗമം**

നമ്മുടെ രൂപതയിലെ 30 വയസ്സും അതിനുമുകളിലുമുള്ള അവിവാഹിതരായ യുവതിയുവാക്കന്മാരുടെയും ജീവിതപങ്കാളി വേർപിരിഞ്ഞ് വിവാഹത്തിനായി ഒരുങ്ങുന്നവരുടെയും സംഗമം രൂപതതലത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകയിൽ ഇത്തരത്തിലുള്ള ആളുകളുടെ ലിസ്റ്റ് എത്രയും വേഗം രൂപത ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ എത്തിക്കണേ.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# പിതൃവേദി

നമ്മുടെ രൂപതയുടെ സുവർണ്ണജൂബിലിക്ക് ഒരുക്കമായും, രൂപതയിൽ പിതൃവേദി സംഘടന സ്ഥാപിതമായതിന്റെ രജത ജൂബിലിയോടും അനുബന്ധിച്ച് നടത്തുന്ന പിതൃസംഗമം 'പാത്രിസ് കോർദേ' മുണ്ടക്കയം, വെളിച്ചിയാനി ഫൊറോനകളിലെ പള്ളികളിൽ നടത്തി. ഈ സംഗമത്തിൽ താഴെപറയുന്ന റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസ്സുകൾ നയിച്ചു.

**മുണ്ടക്കയം ഫൊറോന**

മടുക്ക സെന്റ് മാത്യൂസ് - ശ്രീ. ജോബി പാലാപുളിക്കൽ, കോരുത്തോട് സെന്റ് ജോർജ് - ശ്രീ. അരുൺ നെടുംതകിടിയേൽ, മാങ്ങാപേട്ട സെന്റ് തോമസ് - ശ്രീ. തോമസ് മണിയങ്കേലിൽ, നിർമ്മലഗിരി സെന്റ് ആന്റണിസ്- ശ്രീ. ഷിജോ തോണിയാങ്കൽ, പാലൂർക്കാവ് സെന്റ് ജോർജ് - ശ്രീ. തങ്കച്ചൻ ഓലിക്കൽ, പുഞ്ചവയൽ സെന്റ് സെബാസ്റ്റ്യൻസ് - ശ്രീ.സെബാസ്റ്റ്യൻ താന്നിക്കൽ, തെക്കേമല സെന്റ് മേരീസ് - ശ്രീ.സാജു ജോസഫ് കൊച്ചുവീട്ടിൽ, വണ്ടൻപതാൽ സെന്റ് പോൾസ് -ശ്രീ. ഷിജോ തോണിയാങ്കൽ, വടക്കേമല സെന്റ് സെബാസ്റ്റ്യൻസ് - ശ്രീ.തങ്കച്ചൻ ഓലിക്കൽ, മുക്കളം സെന്റ് ജോർജ് - ശ്രീ.ബിനോ പെരുന്തോട്ടം, ഏന്തയാർ സെന്റ് ജൂഡ് - ശ്രീ.സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ, മുളങ്കുന്ന് ഇൻഫന്റ് ജീസസ് - ശ്രീ.ഷിബു കല്ലറയ്ക്കൽ, മുണ്ടക്കയം വ്യാകുലമാത - ശ്രീ.ബിനീഷ് കളപ്പുര

**വെളിച്ചിയാനി ഫൊറോന**

ഇഞ്ചിയാനി ഹോളിഫാമിലി ശ്രീ. അരുൺ നെടുംതകിടിയേൽ,

# മാതൃവേദി

**രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 5-ാം തീയതി മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഈ മാസം നടത്തപ്പെടേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**പ്രചോദിനി**

മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കുവേണ്ടി നടത്തുന്ന പ്രചോദിനി പരിശീലന പ്രോഗ്രം ലോറേഞ്ച് മേഖലയിൽ ജൂൺ 5 ന് നിർമ്മല റിന്യൂവൽ സെന്ററിൽ വച്ചും, ജൂൺ 17 ന്

---

## പിതൃവേദി

മുപ്പത്തൊന്നാം മൈൽ ജോൺ പോൾ II -ശ്രീ. ജോബി പാലാപുളിക്കൽ, കാരികുളം ഫാത്തിമമാതാ - ശ്രീ.സെബാസ്റ്റ്യൻ താന്നിക്കൽ, ഇടക്കുന്നം വേളാങ്കണ്ണിമാതാ - ശ്രീ.സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ, മാങ്ങാപ്പാറ നിത്യസഹായമാത - ശ്രീ.ബിനോ പെരുന്തോട്ടം, പാലമ്പ്ര ഗത്സെമെനി- ശ്രീ. തോമസ് മണിയംകേലിൽ, പാലപ്ര വിമലമാതാ - ശ്രീ.സാജു ജോസഫ് കൊച്ചുവീട്ടിൽ, വെളിച്ചിയാനി സെന്റ് തോമസ് -ശ്രീ. തങ്കച്ചൻ ഓലിക്കൽ.

ഓരോ ഇടവകകളിലും പിതൃസംഗമങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

ഹൈറേഞ്ച് മേഖലയിൽ കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിലും വച്ച് നടത്തപ്പെട്ടു. ക്രിസ്തീയ നേതൃത്വം എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ ക്ലാസുകൾ നയിച്ചു. ജൂലൈ മാസത്തെ പ്രചോദിനി ജൂലൈ 10 ന് ലോറേഞ്ചിലും ജൂലൈ 17 ന് ഹൈറേഞ്ചിലുമാണ്.

### യൂണിറ്റ് സന്ദർശനം

അമ്മമാരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 9-ാം തീയതി തെക്കേമല സെന്റ് മേരീസ് ഇടവകയിൽ വിശുദ്ധ ബലി അർപ്പിക്കുകയും മാതൃവേദി അംഗങ്ങൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു.

## Messenger 2K24

ജൂലൈ മാസത്തിൽ മാതൃവേദിയുടെ ഫൊറോനാ സംഗമങ്ങൾ Messenger 2K24 എന്ന പേരിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ ഓരോ ഫൊറോനയിലും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും 5 എക്സിക്യൂട്ടീവ് അംഗങ്ങളും ആനിമേറ്റർ സിസ്റ്ററും ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. വരുമ്പോൾ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. Messenger 2K24 ഫൊറോനാ അസംബ്ലി തീയതികൾ

| | | |
|---|---|---|
| 09-07-2024 | കാഞ്ഞിരപ്പള്ളി | 10.30 AM - 12.00 PM |
| 09-07-2024 | പൊൻകുന്നം | 02.00 PM - 03.30 PM |
| 12-07-2024 | വെളിച്ചിയാനി | 10.30 AM - 12.00 PM |
| 12-07-2024 | എരുമേലി | 02.00 PM - 03.30 PM |
| 13-07-2024 | റാന്നി | 10.30 AM - 12.00 PM |
| 13-07-2024 | പത്തനംതിട്ട | 02.00 PM - 03.30 PM |
| 23-07-2024 | മുണ്ടക്കയം | 10.30 AM - 12.00 PM |
| 23-07-2024 | പെരുവന്താനം | 02.00 PM - 03.30 PM |
| 24-07-2024 | മുണ്ടിയെരുമ | 10.30 AM - 12.00 PM |
| 24-07-2024 | അണക്കര | 02.00 PM - 03.30 PM |

| | | |
|---|---|---|
| 25-07-2024 | ഉപ്പുതറ | 10.30 AM - 12.00 PM |
| 25-07-2024 | കുമളി | 02.00 PM - 03.30 PM |
| 26-07-2024 | കട്ടപ്പന | 10.30 AM - 12.00 PM |

**മാതൃവേദി കലോത്സവം**

അമ്മമാരുടെ കലാപരമായ കഴിവുകളെ പുറത്തെടുക്കാനും, തമ്മിലുള്ള ബന്ധങ്ങൾ വളർത്താനുമുള്ള അവസരമാണ് രൂപതാ കലോത്സവം. ഈ വർഷം ഒക്ടോബർ 12 ന് രൂപതാ കലോത്സവം നടത്തപ്പെടുന്നു. ഓഗസ്റ്റ് മാസത്തിൽ യൂണിറ്റ് തലത്തിലും സെപ്റ്റംബർ 15 ന് മുമ്പായി ഫൊറോന തലത്തിലും മാതൃവേദി കലോത്സവം നടത്തി സെപ്റ്റംബർ 15 ന് മത്സരാർത്ഥികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

മത്സരാർത്ഥികളെ വി. ഏലിശ്വാ ഗ്രൂപ്പ് (60 വയസ്സിന് മുകളിൽ) വി. മോനിക്കാ ഗ്രൂപ്പ് (45 വയസ്സിന് മുകളിൽ) വി. ജിയന്ന ഗ്രൂപ്പ് (45 വയസ്സിന് താഴെ) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. 1964 ജനുവരി 1 ന് മുമ്പ് ജനിച്ചവർ വി.ഏലിശ്വാ വിഭാഗത്തിലും, 1979 ജനുവരി 1 ന് മുമ്പ് ജനിച്ചവർ വി മോനിക്കാ വിഭാഗത്തിലും, 1979 ജനുവരി 1 മുതൽ ജനിച്ചവർ വി ജിയന്ന വിഭാഗത്തിലും ഉൾപ്പെടുന്നു. കലോത്സവത്തിന്റെ സ്റ്റേജ് ഇനങ്ങളിൽ (സംഗീതം, സമൂഹഗാനം, പ്രസംഗം, മാർഗ്ഗംകളി, ബൈബിൾ പാരായണം) എന്നിവയാണുള്ളത്. ഒരാൾക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണം (ഗ്രൂപ്പ് ഇനങ്ങൾ ഉൾപ്പെടെ) രണ്ടായി നിജപ്പെടുത്തിയിരിക്കുന്നു. രൂപതാ ഭരണ സമിതി അംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നില്ല. ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെ മത്സരത്തിലെ പങ്കാളിത്തത്തെക്കുറിച്ച് അതാത് തലങ്ങളിൽ തീരുമാനിക്കാവുന്നതാണ്.

**മത്സര ഇനങ്ങളും നിബന്ധനകളും**

1. സംഗീതം (വി.ഏലിശ്വാ ഗ്രൂപ്പ്/വി.മോനിക്കാ ഗ്രൂപ്പ്/ വി.ജിയന്ന ഗ്രൂപ്പ്) - സമയം 5 മിനിറ്റ്. ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.

2. സമൂഹഗാനം (പൊതുവിൽ) - സമയം 7 മിനിറ്റ്. ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഒരു ഗ്രൂപ്പിൽ 5 പേരിൽ കുറയാനോ, 7 പേരിൽ കൂടാനോ പാടില്ല.

3. പ്രസംഗം (വി.ഏലിശ്വാ ഗ്രൂപ്പ്/ വി. മോനിക്കാ ഗ്രൂപ്പ് / വി. ജിയന്നാ ഗ്രൂപ്പ്) സമയം 5 മിനിറ്റ്. വിഷയം: 'കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും, കൂദാശകളിലൂടെയും'.

4. മാർഗ്ഗംകളി (പൊതുവിൽ)

   സമയം 10 മിനിട്ട്. 7 പേർ. സ്ത്രീകൾക്ക് മാത്രമായിരിക്കണം. നിലവിളക്ക് ഉണ്ടായിരിക്കണം. (സംഘാടകർ നൽകുന്നതായിരിക്കും) തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് ഇലത്താളം ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**മാർക്ക് വിഭജനം**

| | |
|---|---|
| വേഷത്തിന്റെ അനുയോജ്യത | 20% |
| ഭക്തിഭാവം | 20% |
| താളം | 20% |
| ചുവട് | 20% |
| സംഗീതം | 20% |

**മാർഗ്ഗംകളി - വിലയിരുത്തുന്ന ഘടകങ്ങൾ**

1. ഒരാൾ പാടുകയും 6 പേർ കളിക്കുകയും ചെയ്യണം.
2. പരമാവധി സമയം 10 മിനിട്ട്
3. മുടി മായിക്കെട്ട് കെട്ടണം
4. ചട്ട, മുണ്ട്, കവണി എന്നിവ ആവശ്യമാണ്
5. മുണ്ടിൽ ഞൊറികൾ ഉണ്ടായിരിക്കണം
6. കൈകളിൽ വീതിയുള്ള കാപ്പ്വള
7. കുണുക്ക്, വെള്ളക്കമ്മൽ, കാശ്മാല, കാൽത്തള എന്നിവ
8. കളിക്കുമ്പോൾ ആഭരണങ്ങൾ അഴിയാൻ പാടില്ല.
9. കൈകുത്താൻ പാടില്ല.
10. വന്ദന പാദവും പതിനാലാം പാദവും നിർബന്ധമായും ഉണ്ടായിരിക്കണം.

**ബൈബിൾ പാരായണം (വി.ഏലിശ്വാ ഗ്രൂപ്പിനു മാത്രം)**

വിലയിരുത്തൽ രീതികളും മാനദണ്ഡങ്ങളും

- മത്സരാർത്ഥികളുടെ എണ്ണമനുസരിച്ച് വ്യത്യസ്ത ദൈവവചന ഭാഗങ്ങൾ രേഖപ്പെടുത്തിയ കുറികൾ തയ്യാറാക്കിവയ്ക്കുന്നു.
- മത്സരാർത്ഥി ഒരു നറുക്ക് തിരഞ്ഞെടുത്ത് അതിൽ എഴുതിയിരിക്കുന്ന ദൈവവചനഭാഗം ഏത് എന്ന് പറയുന്നു. ഉദാ:വി.മത്തായി അറിയിച്ച സുവിശേഷം 5-ാം അധ്യായം 1 മുതൽ 10 വരെ വാക്യങ്ങൾ, ഉല്പത്തി, പുസ്തകം 1-ാം അധ്യായം 1 മുതൽ 15 വരെ വാക്യങ്ങൾ.
- തുടർന്ന് പ്രസ്തുത വചനഭാഗം വായിക്കുന്നു.
- കുറിയെടുത്ത് ഒരു മിനിറ്റിനുള്ളിൽ നിർദിഷ്ട വചനഭാഗം കണ്ടെത്താനായില്ലെങ്കിൽ മത്സരാർത്ഥിയുടെ അവസരം നഷ്ടപ്പെടുന്നതാണ്.
- നൽകിയിരിക്കുന്ന വചനഭാഗം മുഴുവൻ വായിക്കണം.
- ഉച്ചാരണശുദ്ധി, വായനശൈലി, വിശുദ്ധഗ്രന്ഥത്തോടുള്ള ആദരവ്, (ശിരോവസ്ത്രം ഉപയോഗിക്കുന്നത് ഉൾപ്പെടെ) വിശുദ്ധ ഗ്രന്ഥ പരിചയം, ആശയം വ്യക്തമാക്കുന്ന വായന, ഒഴുക്ക്, സ്ഫുടത തുടങ്ങിയവയെല്ലാം മാനദണ്ഡങ്ങൾ ആയിരിക്കും.
- പി.ഒ.സി സമ്പൂർണ്ണ ബൈബബിൾ ആയിരിക്കും മത്സരത്തിന് ഉപയോഗിക്കുന്നത്

**മാതൃവേദി ക്വിസ് (പൊതുവിൽ)**

മാതൃവേദി ക്വിസ് നവംബർ 2-ാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തുന്നു. ഓരോ ഫൊറോനായിൽ നിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയ ടീമുകൾക്ക് രൂപതാമത്സരത്തിൽ പങ്കെടുക്കാം. ഒരു ടീമിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കണം.

**പഠനഭാഗങ്ങൾ**

- സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (ഖണ്ഡിക 58 മുതൽ 276 വരെ)
- ലോഗോസ് ക്വിസ് - 2024 ലെ ഭാഗങ്ങൾ
- ന്യായാധിപന്മാർ 1 - 10 അധ്യായങ്ങൾ, പ്രഭാഷകൻ 34 - 40 അധ്യായങ്ങൾ,
- വി.ലൂക്കാ 9 - 16 അധ്യായങ്ങൾ, 2 കൊറിന്തോസ് 7 - 13 അധ്യായങ്ങൾ.

**പ്രബന്ധരചന (പൊതുവിൽ)**

വിഷയം: 'കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും, കൂദാശകളിലൂടെയും'. പ്രബന്ധം നേരിട്ടോ തപാലിലോ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 30 ആണ്. പ്രബന്ധത്തിന്റെ ഉള്ളടക്കവും (ആമുഖം മുതൽ ഉപസംഹാരം വരെ) 15 പേജിൽ കവിയരുത്. (ഡി.റ്റി.പി ആണെങ്കിൽ 10 പേജ്) A4 പേപ്പറിൽ ആണ് പ്രബന്ധം എഴുതേണ്ടത്. ഒരു പേജിൽ പരമാവധി 20 വരികൾ വരെയേ പാടുള്ളൂ. പേര്, അഡ്രസ്സ്, ഇടവക, ഫോൺ നമ്പർ എന്നിവ വേറൊരു പേപ്പറിൽ എഴുതി പിൻ ചെയ്തിരിക്കണം. ഈ പേപ്പറിൽ ബഹു. യൂണിറ്റ് ഡയറക്ടറുടെ ഇടവകയുടെ സീലും ഉണ്ടായിരിക്കണം. പ്രബന്ധത്തിനൊടൊപ്പം പേരോ അഡ്രസ്സോ എഴുതിയ ആളിനെ തിരിച്ചറിയാൻ പറ്റുന്ന സൂചനകളോ ഉണ്ടെങ്കിൽ അത് അയോഗ്യതയായി കണക്കാക്കുന്നതാണ്. പ്രബന്ധത്തിന്റെ വിഷയത്തോടൊപ്പം ശാസ്ത്രീയവും ക്രമീകൃതവുമായ അവതരണം (വിഷയ വിഭജനം, ഉള്ളടക്കം, അധ്യായം, നമ്പർ, ഉപനമ്പർ, ഫുട്ട്നോട്ട്, ഗ്രന്ഥസൂചി) (കൈയ്യക്ഷരം, ലേഔട്ട്, ഭംഗി, വൃത്തി) തുടങ്ങിയവയും പരിഗണിക്കുന്നതാണ്.

**മാതൃവേദി ഇലക്ഷൻ**

മാതൃവേദി യൂണീറ്റ് ആലോചനസമിതിയുടെയും, യൂണിറ്റ് ഭരണസമിതിയുടെയും ഇലക്ഷൻ നടത്തി അതിന്റെ ലിസ്റ്റ് ഓഗസ്റ്റ് 28 ന് മുൻപായി രൂപത ഫൊറോനാ കേന്ദ്രങ്ങളിലും സെപ്റ്റംബർ

20 നു മുൻപായി ഫൊറോനാ ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിലും ഏൽപ്പിക്കുമല്ലോ. നവംബർ 12,13 തീയതികളിൽ രൂപതാ ഇലക്ഷൻ നടത്തപ്പെടും.

**ഭാരവാഹികളുടെ യോഗ്യതകൾ**

ഔദ്യോഗിക ഭാരവാഹികളായ ആളുകൾ മാതൃകാ സ്ത്രീകളായിരിക്കണം. വിശ്വാസത്തിനനുസൃതമായി ജീവിക്കുകയും കൂദാശകൾ ക്രമമായി സ്വീകരിക്കുകയും ക്രൈസ്തവ സഭാ തത്ത്വങ്ങൾക്കനുസരിച്ച് കുഞ്ഞുങ്ങൾക്ക് നല്ല ശിക്ഷണം നൽകുകയും ചെയ്യുന്നവരായിരിക്കണം. കൂടാതെ, ഇടവകതലത്തിലും കുടുംബ കൂട്ടായ്മകളുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നവരായിരിക്കണം ഇവർ. ഒരു വ്യക്തിക്ക് തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ ഭാരവാഹിത്വം പാടില്ലാത്തതാണ്. രൂപത, ഫൊറോന ഭാരവാഹികൾ ഒരേ സമയം ത്രിതലപഞ്ചായത്തുകളിൽ ഔദ്യോഗികസ്ഥാനം ഉള്ളവരായിരിക്കരുത്.

**നന്ദി**

കഴിഞ്ഞ നാളുകളിൽ റാന്നി ഫൊറോന ഡയറക്ടറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച കാരിവള്ളിൽ തോമസച്ചനും, പത്തനംതിട്ട ഫൊറോന ഡയറക്ടറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച തോമസ് കാഞ്ഞിരക്കാട്ട് അച്ചനും രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ നന്ദി.

**സ്വാഗതം**

റാന്നി ഫൊറോനയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന കൈപ്പൻപ്ലാക്കൽ ജേക്കബ് അച്ചനും പത്തനംതിട്ട ഫൊറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ഉള്ളാട്ട് സെബാസ്റ്റ്യനച്ചനും ഹൃദ്യമായ സ്വാഗതം.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജൂൺ 2024**

2-4 ഓറിയന്റേഷൻ പ്രോഗ്രം

5 പുതിയ അദ്ധ്യയനവർഷത്തെ ക്ലാസുകൾ ആരംഭിച്ചു.

9 മാർ എപ്രേമിന്റെ തിരുനാൾ ദിനത്തിൽ ഒന്നാം വർഷക്കാരായി 12 അർത്ഥികൾ വൈദികപരിശീലനത്തിനായി സെമിനാരിയിൽ എത്തി.

13 വി. അന്തോനീസിന്റെ നാമധാരിയായ വൈസ് റെക്ടർ ബഹു. ആന്റണി കുഴിപ്പിലച്ചന്റെ നാമഹേതുകത്തിരുനാൾ സമുചിതമായി ആഘോഷിച്ചു.

21-22 ജൂൺ മാസത്തെ മാസധ്യാനചിന്തകൾ പങ്കുവച്ച് ബഹു. വർഗീസ് കൊച്ചുപുരയ്ക്കലച്ചൻ ധ്യാനം നയിച്ചു.

23 രാവിലെ 6.30 ന് അഭിവന്ദ്യ രൂപതാധ്യക്ഷൻ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും സ്റ്റാഫിനോടും വൈദികവിദ്യാർത്ഥികളോടുമൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.

\- വൈകുന്നേരം 6.30 ന് "NOVATOS-2024 (നൊവാത്തോസ് -2024)" എന്ന പേരിൽ ഫ്രഷേഴ്സ് ഡേ നടത്തി. വൈദികപരിശീലനത്തിലേയ്ക്ക് പ്രവേശിച്ച ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സെമിനാരി കുടുംബം പ്രാർത്ഥനാശംസകളും സ്വാഗതവുമരുളി.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

- നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ വച്ച് 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ 11-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിവരെ കൈത്താക്കാല ആരാധനക്രമാധിഷ്ഠിതധ്യാനം നടത്തപ്പെടുന്നു. സഭയെക്കുറിച്ചും സഭയുടെ ആരാധനക്രമത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാന ബോദ്ധ്യങ്ങൾ രൂപപ്പെടുത്താനും സഭാത്മകമായ ആത്മീയജീവിതം പരിശീലിക്കാനും അവസരം ലഭിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക

പേര് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക:

ഫാ. ജയിംസ് ചവറപ്പുഴ, Ph: 9447 3124 44

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, Ph: 9447 3679 25

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- രണ്ടാം ശനിയാഴ്ച അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തപ്പെട്ടു. അതിൽ 30 പേർ പങ്കെടുത്തു.
- നസ്രാണി മാർഗ കൂട്ടായ്മയുടെ ഏകദിന ചർച്ചാ ക്ലാസിൽ 20 പേർ പങ്കെടുത്തു.
- കപ്പാട് ബെനഡിക്റ്റയിൻ ആശ്രമത്തിൽ 3 ബ്രദേഴ്സിന്റെ 10 ദിവസത്തെ ധ്യാനം.
- തോപ്രാംകുടിയിൽ നിന്നുള്ള MSJ 5 നോവിസ് ബ്രദേഴ്സിന്റെ ഒരാഴ്ചത്തെ ധ്യാനം.
- LAR - കോൺഗ്രിഗേഷനിലെ 2 സിസ്റ്റേഴ്സിന്റെ നിത്യവ്രതത്തിന് ഒരുക്കമായിട്ടുള്ള 4 ദിവസത്തെ ധ്യാനം.
- ഒരു യുവാവിന്റെ ഒരാഴ്ചത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**ആവേ മരിയാ ആദ്യവെള്ളി ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് സോൺ നേതൃത്വം നൽകുന്ന ആവേ മരിയാ ആദ്യവെള്ളി ശുശ്രൂഷയ്ക്ക് ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. ജൂൺ മാസത്തിലെ മറ്റു വെള്ളിയാഴ്ചകളിൽ എരുമേലി സബ്സോൺ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

**ജൂബിലേവൂസ് 2026 - സഹസ്രദിന ഒരുക്കപ്രാർത്ഥന**

പുത്തൻകൊരട്ടി സെന്റ് ജോസഫ്സ് പള്ളിയിൽ 08-06-2024 ശനിയാഴ്ച ജൂബിലേവൂസ് സഹസ്രദിന ഒരുക്ക പ്രാർത്ഥനയ്ക്ക് ജൂബിലിതിരിതെളിച്ചുകൊണ്ട് വികാരി ഫാ. ജേക്കബ് ചാത്തനാട്ട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ശ്രീ. സാജു എബ്രഹാം ഇല്ലിക്കൻ വചനസന്ദേശം നൽകി. സോൺ ഡയറക്ടർ സമാപനാശീർവാദം കൊടുത്തു. നേർച്ചപാച്ചോറ് വിതരണം നടത്തി.

**ലൈഫ് ഇൻ ദ സ്പരിറ്റ് സെമിനാർ (LSS)**

10-06-2024 തിങ്കളാഴ്ച ഓൺലൈനിൽ രാത്രി 8.30 മുതൽ 10 മണി വരെ ലൈഫ് ഇൻ ദ സ്പരിറ്റ് ക്ലാസ് ശ്രീ. റെജി ജോസഫ് പുതുപറമ്പിൽ എടുത്തു. LSS മോനിറ്ററിങ്ങ് ടീം നേതൃത്വം നൽകി.

അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കാഞ്ഞിരപ്പള്ളി രൂപതയിൽ സന്ദർശനം നടത്തിയ വേളയിൽ കരിസ്മാറ്റിക് സോൺ പ്രത്യേക ക്ഷണിതാക്കളായി മൂന്നുപേർ സംബന്ധിച്ചു. അവസരം നല്കിയ രൂപതാ സംഘാടകർക്ക് പ്രത്യേകം നന്ദി നേരുന്നു.

**മിനിസ്ട്രി വാർത്തകൾ**

ക്രിസ്റ്റിൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിന്റെയും ബൈബിൾ ക്വിസ് മത്സരത്തിന്റെയും സമ്മാനദാനം 2024 ജൂൺ 17 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി**

മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും പ്രത്യേകം നിയോഗങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകി പ്രാർത്ഥിക്കുന്നു. തൂവാനിസാ മിനിസ്ട്രിയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുവഴി ജപമാല പ്രാർത്ഥന പ്രത്യേക നിയോഗങ്ങൾക്കായി സമർപ്പിച്ച് എല്ലാ ദിവസവും നടത്തിവരുന്നു. കൂടാതെ ഫാമിലി മിഷൻ മിനിസ്ട്രിയും ദിവസേന പ്രാർത്ഥനകൾ സമർപ്പിച്ച് കാഴ്ച വയ്ക്കുന്നു.

**ബൈബിൾ പഠന ക്ലാസുകൾ**

രൂപതയുടെ കീഴിൽ എല്ലാ മാസവും ബൈബിൾ പഠന ക്ലാസുകൾ നടത്തിവരുന്നു. സോൺ കരിസ്മാറ്റിക് ടീം നേതൃത്വം നൽകുന്നു.

**ഹൈറേഞ്ച് വാർത്തകൾ**

**പുതിയ സർവ്വീസ് ടീമിന്റെ പരിശീലനം**

കട്ടപ്പന സോണിലെ ഏഴു സബ്സോണുകളിലേയും തിരഞ്ഞെടുക്കപ്പെട്ട സർവ്വീസ് ടീം അംഗങ്ങളുടെ ഒന്നാംഘട്ട ഒത്തുചേരലും പരിശീലനവും ജൂൺ 1 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. 50 പേർ പങ്കെടുത്തു

**ജൂബിലേവൂസ് - 2026**

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും.

ജൂൺ മാസത്തിലെ ശുശ്രൂഷ അണക്കര സബ്സോണിലെ നെറ്റിത്തൊഴു സെന്റ് ജോസഫ് മലങ്കര കത്തോലിക്കപ്പള്ളിയിൽ നടന്നു. സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ പരിശീലനത്തിന്റെ പതിമൂന്നാമത്തെ ക്ലാസ് ജൂൺ 28 വെള്ളിയാഴ്ച്ച വൈകിട്ട് 5:30 മുതൽ 9.00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

**LSS നേതൃത്വകൂട്ടായ്മ**

കട്ടപ്പന സോണിലെ 'ലൈഫ് ഇൻ സ്പിരിറ്റ് സെമിനാർ' റിസോഴ്സ് പേഴ്സൺ ഒത്തുചേരൽ ജൂൺ 20 വ്യാഴാഴ്ച രാവിലെ 10:30 മുതൽ 3:30 വരെ തുവരയാർ ഉണ്ണിമിശിഹപ്പള്ളിയിൽ നടന്നു. 25 പേർ പങ്കെടുത്തു.

**LSS ഇരട്ടയാർ**

ഇരട്ടയാർ ഇടവകയിലെ നാലാമത്തെ LSS ബാച്ച് പൂർത്തിയായി. 43 പേർ ആദ്യാവസാനം പങ്കെടുത്തു.

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ 1 മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു. കുമളി

സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽ വാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ മൂന്നാം ശനിയാഴ്ച്ചയും രാവിലെ 9:30 മുതൽ 2 വരെ കരുണാ ധ്യാനകേന്ദ്രത്തിലും നടക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ജൂൺ മാസം 1-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ തോമസ് അറയ്ക്കൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ജൂൺ മാസം 1-ാം തീയതി ശനിയാഴ്ച മുതൽ 6-ാം തീയതി വ്യാഴാഴ്ച വരെയും 22-ാം തീയതി ശനിയാഴ്ച മുതൽ 27-ാം തീയതി വ്യാഴാഴ്ച വരെയും 29-ാം തീയതി ശനിയാഴ്ച മുതൽ ജൂലൈ മാസം 4-ാം തീയതി വ്യാഴാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

7-ാം തീയതി വെള്ളിയാഴ്ച മുതൽ 20-ാം തീയതി വ്യാഴാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

ജൂൺ മാസം 8, 15, 22, 29 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ

ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**ജൂലൈ 13- പരിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥ

യായ പരിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ ജൂലൈ 13 ന് ആഘോഷമായി നടത്തപ്പെടുന്നു. തിരുനാളിന് ഒരുക്കമായി ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 6 മണി മുതൽ 13-ാം തീയതി ശനിയാഴ്ച രാവിലെ 11 മണി വരെ 101 മണിക്കൂർ അഖണ്ഡ ജപമാലയും നടത്തപ്പെടുന്നു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ജൂലൈ മാസം 13-ാം തീയതി ശനിയാഴ്ച മുതൽ 18-ാം തീയതി വ്യാഴാഴ്ച വരെ. ( Booking Date: 25th June.)


ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ജൂലൈ 20-ാം തീയതി ശനിയാഴ്ച മുതൽ 31-ാം തീയതി ബുധനാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേക ധ്യാനങ്ങളും കൺവൻഷനുകളും നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- മെയ് 23-ാം തീയതി ലോറേഞ്ചിലും 28-ാം തീയതി ഹൈറേഞ്ചിലും എട്ടു മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി 'മികവ് 24' എന്ന പേരിൽ പരിശീലന പരിപാടി നടത്തി.
- ജൂൺ ഒന്നാം തീയതി അമല പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും പ്രവേശനോത്സവം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.
- എല്ലാ സ്കൂളുകളിലും പരിസ്ഥിതി ദിനംആചരിച്ചു
- പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലി വൃക്ഷത്തൈ നട്ടു കൊണ്ട് പരിസ്ഥിതി ദിനം ഉദ്ഘാടനം നടത്തി. വൃക്ഷത്തൈകൾ വിതരണം നടത്തുകയും ചെയ്തു.
- അമലാ പ്രോവിൻസിന്റെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹൈറേഞ്ചിലെയും ലോറേഞ്ചിലെയും സുസ്ഥിതി ഗ്രൂപ്പ് അംഗങ്ങൾ പരിസ്ഥിതി ദിനം ആചരിക്കുകയും വിവിധ സംഘങ്ങളിൽ പരിസ്ഥിതി സന്ദേശം നൽകുകയും ചെയ്തു.
- ജൂൺ പതിനൊന്നാം തീയതി കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയിൽ വച്ച് നടന്ന മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ പൊന്തിഫിക്കൽ കുർബാനയിൽ പൊടിമറ്റം ഇടവകയോട് ചേർന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു. വൈകുന്നേരം നടന്ന വിവിധസന്യാസസഭകളിലെ പ്രൊവിൻഷ്യൽ

കൗൺസിൽ ടീമിന്റെ സംഗമത്തിൽ CMC പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.

- 17 മുതൽ 22 വരെ പൊടിമറ്റം സെന്റ് മേരീസ് ഇടവകയിൽ ഹോംമിഷൻ നടത്തപ്പെട്ടു
- വേനൽചൂടിൽ ഹൈറേഞ്ചിലെ ഏലം കർഷകർക്ക് ഉണ്ടായ വലിയ നഷ്ടത്തിൽ അമലാ പ്രോവിൻസിന്റെ ഒരു കൈത്താങ്ങ് "കാർഡമം പ്രോജക്ട്" എന്ന പേരിൽ അമല പ്രോവിൻസിന്റെ സുസ്ഥിതി ഗ്രൂപ്പിലെ അംഗങ്ങൾക്ക് ധനസഹായം നൽകി.
- പത്തനംതിട്ട മേരി മാതാ പബ്ലിക് സ്കൂളിൽ ദീപിക ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു.
- ജൂൺ 19-ാം തീയതി ഡോക്ടർ പി.എൻ. പണിക്കർ സ്മരണാർത്ഥം വായനാദിനവും വായനാവാരാചരണവും നടത്തപ്പെട്ടു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- എൻ.ജി.ഒ കോൺഫെഡറേഷന്റെ സഹായത്തോടെ അസ്സീസി തുടർപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 50% സംവരണ ത്തോടെ 350 സ്കൂൾ കിറ്റുകൾ പൊടിമറ്റം സെന്റ് മേരിസ് പള്ളിയുടെ പാരിഷ് ഹാളിൽ നടന്ന മീറ്റിംഗിൽ വച്ച് വിതരണം ചെയ്തു. ഈ മീറ്റിംഗിന് പൊടിമറ്റം പള്ളി വികാരി റവ.ഫാ. മാർട്ടിൻ വെള്ളിയാംകുളം അധ്യക്ഷത വഹിച്ചു. പൊടിമറ്റം എം.സി.ബി.എസ് നൊവിഷ്യേറ്റ് ഹൗസ് സുപ്പീരിയർ റവ.ഫാ. തോമസ് കൊട്ടുപ്പള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു.
- എരുമേലി നിർമ്മല പബ്ലിക് സ്കൂളിൽ Merit day ആഘോഷവും പ്രവേശനോത്സവവും നടത്തി.
- എറണാകുളം പി.ഒ.സിയിൽ വച്ച് നടന്ന കെ.സി.എം.എസ് ജനറൽ' ബോഡി മീറ്റിംഗിലും കെ.സി.ബി. സി മീറ്റിംഗിലും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. അമല പങ്കെടുത്തു.

- അണക്കര അൽഫോൻസാ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് പുതിയതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് നിർവഹിച്ചു.
- രണ്ടാം വർഷ നോവിസസിന്റെ പേരന്റ്സ് മീറ്റിംഗ് മുക്കാലി നിർമ്മൽ ജ്യോതി നൊവിഷ്യേറ്റ് ഹൗസിൽ വച്ച് നടത്തി.
- മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയിൽ പിതാവ് അർപ്പിച്ച വിശുദ്ധ കുർബാനയിലും, പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ റിലീജിയസ് സമ്മേളനത്തിലും പ്രൊവിൻഷ്യൽ ടീമും സിസ്റ്റേഴ്സും പങ്കെടുത്തു.
- രണ്ടാം വർഷ നോവിസസ് വ്രതത്തിന് ഒരുക്കമായി ഇരിങ്ങാലക്കുട അന്തോനിയാനം ധ്യാനസെന്ററിൽ മൂന്നുമാസത്തെ കോഴ്സിൽ പങ്കെടുക്കാൻ പോയി.
- On going formation ന്റെ ഭാഗമായി പ്രൊവിൻസിലെ Young Senior Sisters ന് രണ്ടുദിവസത്തെ കോഴ്സ് സംഘടിപ്പിച്ചു. റവ. ഫാ.തോമസ് കോഴിമല എം.സി.ബി.എസ് ക്ലാസുകൾ എടുത്തു.
- പൊടിമറ്റം ഇടവകയിലെ ഹോം മിഷന് 8 സിസ്റ്റേഴ്സ് പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തപ്പെട്ടു.
- മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ പുതിയ യൂണിറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. മരിയ ജോസും, സി. ആൻ തെരേസും സംബന്ധിച്ചു.
- കുട്ടിക്കാനം മരിയൻ കോളേജിൽ MSW പൂർത്തിയാക്കിയ സി. അന്ന മരിയായുടെ Convocation Program ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. അമല പങ്കെടുത്തു

## ആരാധനാ സന്യാസിനി സമൂഹം (SABS)

- മെയ് 25 ന് അതിരമ്പുഴയിൽ ദിവ്യകാരുണ്യ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സഹസ്ഥാപക ദൈവദാസി ഷന്താളമ്മയുടെ 52-ാം ചരമവാർഷികാചരണവും ജൂൺ 2-ന് ചങ്ങനാശ്ശേരിയിൽ സഭാസ്ഥാപകൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 99-ാം ചരമവാർഷികാചരണവും സമുചിതമായി ഘോഷിച്ചു.
- കുന്നുംഭാഗം സെന്റ് ജോസഫ്, ഇടക്കുന്നം മേരിമാതാ, പുള്ളിക്കാനം സെന്റ് തോമസ് എന്നീ സ്കൂളുകളിൽ പി.റ്റി.എ. ജനറൽ ബോഡി മീറ്റിംഗും മെറിറ്റ് ഡേ ആഘോഷവും നടത്തപ്പെട്ടു.
- കാഞ്ഞിരപ്പള്ളി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ പൊടിമറ്റം ഇടവകയിൽ നടത്തിയ ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഇളങ്ങോയി, പുള്ളിക്കാനം, ആനവിലാസം, കപ്പാട്, കുന്നുംഭാഗം, വെള്ളാരംകുന്ന് ഇടവകകളിൽ ദിവ്യകാരുണ്യ സായാഹ്നം നടത്തി.
- എറണാകുളം പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.എം.എസ്. മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യളമ്മയും വിജയവാഡയിൽ വച്ച് നടത്തപ്പെട്ട Mission & Evangelization SAF മീറ്റിംഗിൽ സി. റാണി കുന്നത്തുപുരയിടം, സി. മേബിൾ എന്നിവരും കൂത്തുപറമ്പിൽ വച്ച് നടത്തപ്പെട്ട Education, Communication & Media SAF മീറ്റിംഗിൽ സി. റ്റിൻസി കലയത്തിനാക്കുഴിയിൽ, സി. തെരേസ് ആലഞ്ചേരി, സി. റെജീന വെങ്ങാലൂർ എന്നിവരും, ഊട്ടിയിൽ വച്ചു നടന്ന ഹോമിയോ ഡോക്ടേഴ്സ് മീറ്റിംഗിൽ ഡോ. സി. ലിസ് മരിയ വേങ്ങത്താനം, ഡോ. സി. റോസ് പോൾ മാതേംപാറ എന്നിവരും സംബന്ധിച്ചു.
- സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ

മാർ റാഫേൽ തട്ടിൽ പിതാവ് രൂപതയിലെ സന്യസ്തരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ബഹു. പ്രൊവിൻഷ്യളമ്മയും ടീമംഗങ്ങളും പങ്കെടുത്തു.

- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട എല്ലാ ഭവനസമൂഹങ്ങളിലെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഫൈനാൻസ് ഓഫീസർമാരുടെയും മീറ്റിംഗിൽ മുൻ സുപ്പീരിയർ ജനറൽ മദർ തെക്ലാ SABS ക്ലാസ്സെടുത്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ജൂൺ 5 മുതൽ 21 വരെ സുപ്പീരിയർ ജനറൽ സി. നിർമ്മല കുര്യാക്കോസ് ഒറീസ്സയിലെ ചാന്തിപുട്ട്, റായിഗഡ എന്നീ ശാഖാ ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി
- സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ഛത്തീസ്ഗഡിലെ ജഗദൽപൂർ രൂപതയിൽ പുതിയതായി സന്യാസ പരിശീലനത്തിനായി ഒരു ഭവനം ആരംഭിച്ചു. ജൂൺ 10 ന് ജഗദൽപൂർ രൂപത ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ അവിടെ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.
- ജൂൺ 11ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ കാഞ്ഞിരപ്പള്ളി രൂപത സന്ദർശനം നടത്തിയപ്പോൾ സിസ്റ്റേഴ്സിന് വേണ്ടി നടത്തിയ മീറ്റിങ്ങിൽ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു
- ജൂൺ 16 മുതൽ 21 വരെ പൊടിമറ്റം സെന്റ് മേരീസ് ഇടവകയിൽ നടത്തിയ ഹോം മിഷനിൽ നാല് സിസ്റ്റേഴ്സ് പങ്കെടുത്തു
- ജൂൺ 23 മുതൽ 27 വരെ പാലാ രൂപതയിലെ ആയാംകുടി സെന്റ് തെരേസാസ് ഇടവകയിൽ നടത്തിയ ഹോമിഷനിൽ 10 സിസ്റ്റേഴ്സ് പങ്കെടുത്തു
- ദൈവദാസൻ ബ്ര. ഫോർത്തുനാത്തൂസ് താൻഹൈയ്സെറിന്റെ നാമകരണ നടപടികളുമായി ബന്ധപ്പെട്ട് ജനറൽ പോസ്റ്റലേറ്റർ

ബ്ര. ദാരിയോ നാമകരണനടപടികളുടെ മുന്നോട്ടുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ജൂൺ 25 ന് കട്ടപ്പനയിൽ സന്ദർശനം നടത്തി.

- ജൂൺ 29 ന് സി. സ്മിത തെരേസ് വെട്ടിക്കൽ SCJG യുടെ 41-ാം ചരമദിനം ആചരിച്ചു. കട്ടപ്പന സെന്റ് ജോർജ് ഫൊറോന ഇടവകയിൽ ദിവ്യബലിയും അനുസ്മരണ പ്രാർത്ഥനയും നടത്തി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- രൂപതാ സന്ദർശന വേളയിൽ കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ പ്രൊവിൻഷ്യൽ ടീമും സഹോദരിമാരും പങ്കെടുത്തു.
- രൂപതാ സന്ദർശനത്തോടനുബന്ധിച്ച് രൂപതയിലെ സന്യസ്തരുമായി സംവദിക്കുന്നതിന് പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ ഒത്തുചേർന്ന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- തിരുഹൃദയതിരുനാൾ ദിനത്തിൽ ബ. ജോസഫ് വെള്ളമറ്റം അച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.
- കുട്ടിക്കാനം മരിയൻ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് സംബന്ധിച്ചു.
- പാലാ പ്രൊവിൻഷ്യൽ ഹൗസിൽ സ്ഥാപകപിതാവിന്റെ നൊവേന ദിവസം ബ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ ദിവ്യബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ ടീമും സഹോദരിമാരും പൊടിമറ്റം ഇടവകയിലെ മാതാക്കളും ദിവ്യബലിയിൽ സംബന്ധിച്ചു.
- സ്ഥാപകപിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായിഅച്ചന്റെ ശ്രാദ്ധത്തിൽ പ്രൊവിൻഷ്യൽ ടീമും സഹോദരിമാരും പങ്കെടുത്തു.
- മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതുതായി

നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മങ്ങളിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.

- കോട്ടയം ജനറലേറ്റിൽ നടത്തിയ Gems പഠന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച മീറ്റിംഗിൽ സി. ആനി ജോൺ, സി. റാണിറ്റ്, സി. അലീന, സി. ജിസ്ന എന്നിവർ പങ്കെടുത്തു.
- MCBS, ബനഡിക്റ്റൈയിൻ സമൂഹത്തിലെ ബ്രദേഴ്സിന്റെ Profession - ൽ സഹോദരിമാർ പങ്കെടുത്തു.
- പൊടിമറ്റം ഇടവകയിൽ ഹോം മിഷന്റെ ക്രമീകരണങ്ങൾ നടത്തുന്നതിനുവേണ്ടി നടത്തിയ ആനിമേറ്റേഴ്സിന്റെയും കൂട്ടായ്മാ ലീഡേഴ്സിന്റെയും മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കുട്ടികൾക്കായി നിർമ്മല റിന്യൂവൽ സെന്ററിൽ സ്പാർക്ക് 2024 എന്ന പ്രോഗ്രാം സി. അന്നാ മരിയായുടെ നേതൃത്വത്തിൽ നടത്തി.
- LevShema കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ട്രാൻസാഷണൽ അനാലിസിസ് വർക്ക്ഷോപ്പ് റിന്യൂവൽ സെന്റർ പൊടിമറ്റത്ത് നടത്തി.
- എല്ലാ ഞായറാഴ്ചയും പൊടിമറ്റത്തുവച്ച് ലഹരിവിമുക്ത കൂട്ടായ്മ നടത്തുന്നു.
- വിവിധ സോണുകളുടെ സോണൽ മീറ്റിംഗ് അതാത് സോണുകളിൽ സി. ലിസ്ബത്തിന്റെ നേതൃത്വത്തിൽ നടത്തി.
- കമ്പം മിഷനിലെ ആദ്യ കുർബാന സ്വീകരണത്തിൽ സി. ജൂലിയ, സി. മേഴ്സി എന്നിവർ പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ വചന ധ്യാനത്തിൽ 71 സഹോദരിമാർ സംബന്ധിച്ചു.
- പൊടിമറ്റം ഇടവകയിലെ ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ 2024-27 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. കെ.കെ. ബേബി കണ്ടത്തിൽ (പ്രസിഡന്റ്), ജോസഫ് പണ്ടാരക്കളം (ജനറൽ സെക്രട്ടറി), ജോജോ ജോസഫ് തെക്കുംചേരിക്കുന്നേൽ (ട്രഷറർ), സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ഫിലിപ്പ് നിക്കോളാസ് പള്ളിവാതുക്കൽ, ടെസി ബിജു പാഴിയാങ്കൽ, ഡെയ്സി ജോർജുകുട്ടി (വൈസ് പ്രസിഡന്റുമാർ), ജോമി ഡൊമിനിക് കൊച്ചുപറമ്പിൽ (ഗ്ലോബൽ സമിതിയംഗം), ജിൻസ് പള്ളിക്കമ്യാലിൽ, ജോസ് മാത്യു കല്ലൂരാത്ത്, ബിജു തോമസ് ആലപ്പുരയ്ക്കൽ, ആൻസമ്മ തോമസ് മടുക്കക്കുഴി, ജാൻസി മാത്യു തുണ്ടത്തിൽ (സെക്രട്ടറിമാർ), സിനി ജിബു നീറനാക്കുന്നേൽ (വിമൻസ് കോ-ഓർഡിനേറ്റർ), സബിൻ ജോൺ അഴകമ്പ്രായിൽ (യൂത്ത് കോ-ഓർഡിനേറ്റർ), സച്ചിൻ ജെ. വെട്ടിയാങ്കൽ (ഹെൽപ്പ് ഡസ്ക് കോ-ഓർഡിനേറ്റർ), തോമസ് ചെമ്മരപ്പള്ളി, മനോജ് മറ്റമുണ്ടയിൽ (മീഡിയ കോ-ഓർഡിനേറ്റേഴ്സ്) എന്നിവരാണ് ഭാരവാഹികൾ.

രൂപതാ പ്രതിനിധി സഭാംഗങ്ങളായി ജേക്കബ് ജോസ് മടുക്കക്കുഴി, ടോമിച്ചൻ പാലക്കുടി, ടോം സെബാസ്റ്റ്യൻ കുമ്പളന്താനം, ജെ. ശെൽവരാജ് ഓവേലിൽ, മാത്യു ആന്റണി മാമ്പഴക്കുന്നേൽ, സോണി ജോർജ് കോഴിമല, സെബാസ്റ്റ്യൻ ജോസഫ് വട്ടക്കുന്നേൽ, ജോബിൻ ജോർജ് വടക്കേനാത്ത്, ജോബി ജോസഫ് തെക്കുംചേരിക്കുന്നേൽ, അനിത ജസ്റ്റിൻ താഴത്തുപറമ്പിൽ, ദേവസ്യ മാത്യു പനയ്ക്കക്കുഴി

എന്നിവരെയും തിരഞ്ഞെടുത്തു. ഫാ. മാത്യു പാലക്കുടി, അഡ്വ. സോണി തോമസ് പുരയിടം എന്നിവർ വരണാധികാരികളായിരുന്നു.

## വിദ്യാർത്ഥികളെ ആദരിച്ചു

കത്തോലിക്കാ കോൺഗ്രസ് ചിറക്കടവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ പത്താംക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മെമെന്റോയും കാഷ് അവാർഡും നൽകി ആദരിച്ചു. 26-05-2024 ൽ പാരീഷ് ഹാളിൽ ചേർന്ന യോഗത്തിൽ വികാരി ഫാ. റെജി വയലുങ്കൽ അവാർഡുകൾ വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എബ്രഹാം വർഗീസ് കൊന്നയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ടോണി വടക്കേൽ, രാജു തേക്കുംകാട്ടിൽ, ടോമിച്ചൻ പാലമുറി എന്നിവർ പ്രസംഗിച്ചു.

കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 30-05-2024 ൽ പാരീഷ് ഹാളിൽ ചേർന്ന അനുമോദനയോഗത്തിൽ ഫുൾ എ പ്ലസ് ലഭിച്ച കുട്ടികൾക്ക് കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉപഹാരങ്ങൾ നൽകി ആദരിച്ചു. വികാരി ഫാ. ആന്റണി മണിയങ്ങാട്ട് യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോൺസൺ പന്തപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അസി. വികാരി ഫാ. അനൂപ് കരിങ്ങാട്, ഗ്ലോബൽ സമിതിയംഗം ജോമി കൊച്ചുപറമ്പിൽ, രൂപതാ ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, രൂപതാ സമിതിയംഗം ജോബി തെക്കുംചേരിക്കുന്നേൽ, സെക്രട്ടറി സാബു മാത്യു മുടപ്പാലയിൽ എന്നിവർ ആശംസകളർപ്പിച്ചു.

ഇളങ്ങോയി യൂണിറ്റിന്റെ നേതൃത്വത്തിൽ 09-04-2024 ൽ സംഘടിപ്പിച്ച 'മികവ് 2024' എന്ന പ്രോഗ്രാമിൽ പ്ലസ് ടു, പത്താം ക്ലാസ് പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ കാഷ് അവാർഡും ഫലകവും നൽകി ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് ടിന്റു വിറകൊടിയനാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ

ഡയറക്ടർ ഫാ. മാത്യു പാലക്കുടി സന്ദേശം നൽകി. വികാരി ഫാ. സോണി മണക്കാട്ട്, അസി. വികാരി ഫാ. ഡെന്നോ മരങ്ങാട്ട്, രൂപതാ പ്രസിഡന്റ് ബേബി കണ്ടത്തിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, രൂപതാ സെക്രട്ടറി ബിജു ആലപ്പുരയ്ക്കൽ, ജെയ്മോൻ കുരിശുംമൂട്ടിൽ, ജോമി കുംബ്ലാനിക്കൽ, ജേക്കബ് ചെരിപുറം എന്നിവർ പ്രസംഗിച്ചു.

കത്തീഡ്രൽ യൂണിറ്റിന്റെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഇടവകയിൽ നിന്നും ഫുൾ എ പ്ലസ് ലഭിച്ച കുട്ടികളെയും ഡിഗ്രി പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കിയവരെയും ആദരിച്ചു. വികാരി ഫാ. വർഗീസ് പരിന്തിരിക്കൽ ട്രോഫികൾ വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് മൈക്കിൾ കിഴക്കേൽ, സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ട്രഷറർ മെൽബിൻ പോളശ്ശേരിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചു**

കാഞ്ഞിരപ്പള്ളി രൂപതയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തിയ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെ 11-06-2024 ചൊവ്വാഴ്ച കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതിയുടെ പ്രതിനിധികളായി ജോമി ഡൊമിനിക്ക് കൊച്ചുപറമ്പിൽ, കെ.കെ. ബേബി കണ്ടത്തിൽ, ടെസി ബിജു പാഴിയാങ്കൽ, സിനി ജിബു നീറനാക്കുന്നേൽ എന്നിവർ സന്ദർശിച്ച് സംഘടനാ കാര്യങ്ങൾ ചർച്ച ചെയ്തു.

**മെഡിക്കൽ ക്യാമ്പ് നടത്തി**

കത്തോലിക്കാ കോൺഗ്രസ് എലിക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എലിക്കുളം ഗ്രാമപഞ്ചായത്ത് ഗവ. ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തോടെ 17-06-2024 തിങ്കളാഴ്ച എലിക്കുളം ഉണ്ണിമിശിഹാ പാരീഷ് ഹാളിൽ സൗജന്യ ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ മഴക്കാല രോഗങ്ങൾക്കുള്ള മരുന്നുകളും ഡെങ്കിപ്പനി പ്രതിരോധമരുന്നുകളും വിതരണം ചെയ്തു. വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേലിന്റെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എലിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിമ്മിച്ചൻ ഈറ്റത്തോട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയംഗം ജോമി കൊച്ചു പറമ്പിൽ, പൊൻകുന്നം ഫൊറോന പ്രസിഡന്റ് റെന്നി ചക്കാലയിൽ, എലിക്കുളം ഗ്രാമപഞ്ചായത്തംഗം സെൽവി വിത്സൻ, യൂണിറ്റ് പ്രസി ഡന്റ് ജോയിച്ചൻ കൊച്ചീറ്റത്തോട്, രൂപതാസമിതിയംഗം മാത്യു ആന്റണി മാമ്പഴക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ ഡോ. ബിജു തെരേസ്, ജിമ്മിച്ചൻ മണ്ഡപ ത്തിൽ, ജോമിച്ചൻ തെക്കേക്കുറ്റ്, ജിൻസ് കടുവാതൂക്കിൽ, വിത്സൻ പാമ്പൂരിക്കൽ, ശോഭ പുളിമൂട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**രൂപതാ ഭാരവാഹികൾ ചുമതലയേറ്റു**

കത്തോലിക്കാ കോൺഗ്രസ് രൂപത സമിതിയുടെ 2024-27 പ്രവർത്തനവർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ 16-06-2024 ൽ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേള നത്തിൽ രൂപത വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാ ക്കൽ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രൂപത ഡയ റക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. കുവൈറ്റിലെ ലേബർ ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ ആകസ്മികമായി മരണ മടഞ്ഞവർക്ക് യോഗം ആദരാഞ്ജലിയർപ്പിച്ചു. പുതിയ പ്രസിഡന്റായി ചുമതലയേറ്റ കെ.കെ. ബേബി കണ്ടത്തിൽ നയപ്രഖ്യാപനം നടത്തി. ഗ്ലോബൽ സമിതിയംഗം ജോമി കൊച്ചുപറമ്പിൽ, ജോസഫ് പണ്ടാര ക്കളം, ജോജോ തെക്കുംചേരിക്കുന്നേൽ, ടെസി ബിജു പാഴിയാങ്കൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ഫിലിപ്പ് പള്ളിവാതുക്കൽ, ഡെയ്സി ജോർജുകുട്ടി ചീരംകുന്നേൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**



# തേനി മിഷൻ വാർത്തകൾ

**കമ്പം മിഷൻ**

- കമ്പം മിഷനിൽ ഉള്ള 3 കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിശ്വാസ ജീവിത പരിശീലനം ക്ലാസുകൾ ആരംഭിച്ചു.
- മുണ്ടക്കയത്ത് നിന്നും ഏതാനും അത്മായ സഹോദരങ്ങൾ കമ്പം – തേനി മിഷൻ ഗ്രാമങ്ങൾ സന്ദർശിച്ചു.
- SH മിഷൻ സെന്റർ, അംഗൂർ പാളൈയം ഗ്രാമം എന്നിവിടങ്ങളിൽ ജപമാല പ്രാർത്ഥന നടത്തി. ഗ്രാമങ്ങളിലെ വീടുകൾ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു.
- കേരളത്തിൽ 4 വ്യത്യസ്ത ആതുരാലയങ്ങളിലായി പ്രവേശിപ്പിച്ചിരിക്കുന്ന ആളുകളെ സിസ്റ്റർ സന്ദർശിക്കുകയും ചികിത്സ കഴിഞ്ഞ രണ്ട് പേരെ തിരികെ കമ്പത്ത് എത്തിക്കുകയും ചെയ്തു. കൂടാതെ നാല് വയസുള്ള നടക്കാൻ കഴിയാത്ത ഒരു കുട്ടിയെ കട്ടപ്പന VOSARD സോഷ്യൽ വർക്കിന്റെ സഹായത്തോടെ എറണാകുളത്ത് ചികിത്സക്കായി കൊണ്ടുപോകുകയും ചെയ്തു.
- 150 തമിഴ് വചനോത്സവം ഭവനങ്ങളിൽ വിതരണം ചെയ്തു.
- എല്ലാ ദിവസവും വൈകിട്ട് 3 മണി കഴിയുമ്പോൾ മുതൽ സന്ധ്യ വരെ സിസ്റ്റേഴ്സ് ഗ്രാമങ്ങൾ സന്ദർശിക്കാറുണ്ട്.

**തേനി മിഷൻ**

- ദീപികയിൽ നിന്നും കൊച്ചേട്ടൻ ബഹുമാനപ്പെട്ട റോയി കണ്ണൻചിറ അച്ചൻ തേനി മിഷൻ സന്ദർശിച്ചു.
- മീൻകുഴി SMYM അംഗങ്ങൾ തേനി മിഷൻ സന്ദർശിച്ചു.

# കെ.സി.എസ്.എൽ.

സെന്റ് തോമസ് എച്ച്.എസ്. ആനിക്കാട്, സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂൾ ആനക്കല്ല്, ഇൻഫന്റ് ജീസസ് പബ്ലിക്ക് സ്കൂൾ കാഞ്ഞിരപ്പള്ളി എന്നീ സ്കൂളുകളിൽ KCSL ന്റെ ഉത്ഘാടനം നടത്തി.

**ഫാ. ജോർജ് അനന്തക്കാട്ട്**

**ഡയറക്ടർ**

---

## തേനി മിഷൻ വാർത്തകൾ

- മിഷനിൽ ഉള്ള കത്തോലിക്കാ കുട്ടികൾക്കായി വിശ്വാസ ജീവിത പരിശീലന ക്ലാസുകൾ ആരംഭിച്ചു.
- സുക്കാൻഗപട്ടി എന്ന ഗ്രാമത്തിൽ സിസ്റ്റേഴ്സ് ഭവനസന്ദർശനം നടത്തുകയും കുട്ടികൾക്കായി വൈകുന്നേരങ്ങളിൽ tuition നൽകാൻ അധ്യാപികയെ നിയമിക്കുകയും ചെയ്തു.
- അഴകാപുരി ഗ്രാമത്തിലെ വീടുകൾ സന്ദർശിക്കുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവിടെയുള്ള കുട്ടികൾക്കായി വൈകുന്നേരങ്ങളിൽ ട്യൂഷൻ ഏർപ്പെടുത്തി അധ്യാപികയെ നിയമിക്കുകയും ചെയ്തു.
- ഗ്രാമം സന്ദർശിച്ച് പോകുന്ന വഴിയിൽ കുട്ടികൾക്ക് മിഠായികൾ വിതരണം ചെയ്യാറുണ്ട്.
- ആതുരാലയത്തിൽ ചേർക്കേണ്ട ഒരാൾക്ക് വേണ്ടിയുള്ള documentation നടത്തിക്കൊണ്ടിരിക്കുന്നു.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്**
**(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ**
**(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**മദർ ആൻഡ് ചൈൽഡ് കെയർ വിഭാഗവും, അത്യാഹിത വിഭാഗവും നാടിന് സമർപ്പിച്ചു.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയതായി നിർമ്മിച്ച ഹോസ്പിറ്റൽ മന്ദിരത്തിലെ മദർ ആൻഡ് ചൈൽഡ് കെയർ വിഭാഗവും , അത്യാഹിത വിഭാഗവും നാടിന് സമർപ്പിച്ചു. ജൂൺ 8 ശനിയാഴ്ച പുതിയ ഹോസ്പിറ്റൽ കെട്ടിടത്തിന്റെ ആശിർവാദകർമ്മം കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവും, മുൻ രൂപത അധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവും ചേർന്ന് നിർവഹിച്ചു. 80,000 ചതുരശ്ര അടിയിൽ പണി തീരുന്ന പുതിയ കെട്ടിടത്തിലെ ആദ്യ രണ്ടു നിലകളിലായാണ് പുതിയ വിഭാഗങ്ങൾ പണി പൂർത്തീകരിച്ചിരിക്കുന്നത്. പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി ആരംഭിക്കും. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്യാഷ്വാലിറ്റി, ഫാർമസി, റേഡിയോളജി, ലബോറട്ടറി സൗകര്യങ്ങളും ഓർത്തോപീഡിക് വിഭാഗവും താഴത്തെ നിലയിൽ ക്രമീകരിച്ചിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഗൈനക്കോളജി വിഭാഗവും നവജാതശിശുക്കളുടെയും കുട്ടികളുടെയും പരിപാലനത്തിനായി തീവ്ര പരിചരണ വിഭാഗവും ആധുനിക സൗകര്യങ്ങളോടുകൂടിയ ലേബർ റൂമുകളും ഒന്നാം നിലയിൽ സജ്ജീകരിച്ചിരിക്കുന്നു. കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി ഇടുക്കി കോട്ടയം പത്തനംതിട്ട ജില്ലകളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ആശ്രയമായ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ്

ഹോസ്പിറ്റലിന്റെ ഭാഗവാക്കുകളായ എല്ലാവരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

**ലോക രക്തദാന ദിനം**

ജൂൺ 14 ലോക രക്തദാന ദിനം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ആചരിച്ചു. ലോക രക്തദാന ദിനത്തോടനുബന്ധിച്ച് എസ് എം വൈ എം മുണ്ടക്കയം ഫൊറോന ഇടവകയുടെ നേതൃത്വത്തിൽ രക്തം ദാനം ചെയ്യുകയും തുടർന്ന് ഈ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോക്ടർ ക്രിസ്റ്റീ മരിയ MBBS MD ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്തു. യോഗം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. മുണ്ടക്കയം ഫൊറോനാ ഡയറക്ടർ ഫാ. ടിജോ തുണ്ടത്തിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു.

**മെഡിക്കൽ ക്യാമ്പ് - കാഞ്ഞിരപ്പള്ളി**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കത്തീഡ്രൽ പള്ളിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ രണ്ടാം തീയതി ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. മെഡിക്കൽ ക്യാമ്പിന് ഡോക്ടർ റോണിമോൾ തോമസ് MBBS, MS, DNB, FMAS, DMAS, Laparoscopic Surgeon, HR അസിസ്റ്റന്റ് സ്റ്റെഫി ബേയർ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി.

**മെഡിക്കൽ ക്യാമ്പ് - പെരുവന്താനം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും പെരുവന്താനം മുസ്ലിം ജമാഅത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ ഒമ്പതാം തീയതി ഗൈനക്കോളജി മെഡിക്കൽ ക്യാമ്പും, രക്തദാന ദിനത്തോടനുബന്ധിച്ച് സൗജന്യ രക്തം നിർണയ ക്യാമ്പും നടത്തപ്പെട്ടു. ക്യാമ്പുകൾക്ക് ഡോക്ടർ ദിവ്യ ബി MBBS, MS, DNB, സ്റ്റെഫി ബേയർ എന്നിവർ നേതൃത്വം

നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി.

**മെഡിക്കൽ ക്യാമ്പ് - ജൂലൈ 14**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും, കുമളി സെന്റ് തോമസ് ഫൊറോന ഇടവകയുടെയും നേതൃത്വത്തിൽ 2024 ജൂലൈ 14 ഞായറാഴ്ച രാവിലെ 9:30 മുതൽ 12:30 വരെ സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് സൗജന്യ ഓർത്തോ മെഡിക്കൽ ക്യാമ്പ് നടത്തപ്പെടുന്നു.

**മെഡിക്കൽ ക്യാമ്പ് - ജൂലൈ 28**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും മണ്ണാർക്കയം ജനത ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രാവിലെ 9:00 മുതൽ 1:00 മണിവരെ സൗജന്യ ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ് നടത്തപ്പെടുന്നു.

**ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു**

ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. +2 സയൻസ് ഗ്രൂപ്പ് പഠിച്ചവർക്ക് മുൻഗണന നൽകുന്ന കോഴ്സിന് 10 സീറ്റുകൾ മാത്രമാണുള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. പഠനവും പരിശീലനവും MMT ഹോസ്പിറ്റൽ തന്നെയാണ് നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446463300,9539823124

**എം. എം. റ്റി സ്കൂൾ ഓഫ് നഴ്സിങ്ങിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു**

എം.എം.റ്റി നഴ്സിംഗ് സ്കൂളിൽ അടുത്ത വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. INC യുടെയും KNMC യുടെയും അംഗീകൃത നഴ്സിംഗ് കോഴ്സിലേയ്ക്കാണ് അപേക്ഷകൾ ക്ഷണി



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ പ്രതിമാസയോഗം 09-06-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലുള്ള രൂപതാ ഓഫീസിൽ രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയ്ക്ക് ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മണിമലക്കരോട്ട് മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു.

ഭാതൃത്വപ്രതിനിധികൾ അവരവരുടെ ഭാതൃത്വങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഭാതൃത്വങ്ങളുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടക്കുന്നതായി റിപ്പോർട്ടുകൾ വിലയിരുത്തി.

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

ക്കുന്നത്. 60 ശതമാനം മാർക്കോടെ +2 പാസ്സായ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. സയൻസ് ഗ്രൂപ്പ് പഠിച്ചവർക്കും, മറ്റ് ഗ്രൂപ്പുകളിൽ 80 ശതമാനത്തിന് മുകളിൽ മാർക്കുള്ളവർക്കുമാണ് മുൻഗണന. 30 സീറ്റുകൾ മാത്രമുള്ള നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള അപേക്ഷാഫോം നഴ്സിംഗ് സ്കൂൾ ഓഫീസിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446463300, 9539823124

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

തുടർന്നു നടന്ന ചർച്ചയിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ഭ്രാതൃത്വങ്ങളും അവരവർ ഉൾപ്പെടുന്ന ഇടവകകളിൽ രോഗികളായി വീടുകളിൽ കഴിയുന്നവരെ സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും തീരുമാനിച്ചു. ഇടവകകളിൽ മരണപ്പെട്ടവരുടെ വീടുകളിൽ എത്തി പ്രത്യേകമായി പ്രാർത്ഥനകൾ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

യോഗത്തിൽ കൗൺസിലർ ബ്രദർ ജോസ് തയ്യിൽ സ്വാഗതവും ട്രഷറർ ബ്രദർ ജോജോ കിഴക്കേത്തലയ്ക്കൽ കൃതജ്ഞതയും പറഞ്ഞു. സമാപനപ്രാർത്ഥനയോടുകൂടി യോഗം 4.30 ന് സമാപിച്ചു.

ജൂൺ 11-ാം തീയതി അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ കാഞ്ഞിരപ്പള്ളി രൂപതാ സന്ദർശനവേളയിൽ ഫ്രാൻസിസ്ക്കൻ അൽമായസഭാ പ്രതിനിധികളും പങ്കെടുത്തിരുന്നു.

**സെമിനാർ**

ഫ്രാൻസിസ്കൻ അൽമായ സഭയും സഭാ അംഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി 22-06-2024 ൽ രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ ഒരു സെമിനാർ നടത്തപ്പെട്ടു. രൂപതാ വൈസ് ചാൻസലർ റവ. ഫാ. മാത്യു ശൗര്യാംകുഴി സെമിനാർ ഉൽഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv) എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫ്രാൻസിസ്ക്കൻ അൽമായസഭ ഇരിങ്ങാലക്കുട രൂപതാ ഡയറക്ടർ റവ. ഫാ. ആന്റണി തെക്കിനേത്ത് OFM (Cap.) ആയിരുന്നു സെമിനാർ നയിച്ച് ക്ലാസ് എടുത്തത്.

രൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളിൽ നിന്നും ധാരാളം അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് എല്ലാവർക്കും നന്ദി പറഞ്ഞു.

**സെക്രട്ടറി**

# ഡി.സി.എം.എസ്.

- രൂപത ഡി.സി.എം.എസ്. മീറ്റിംഗ് ജൂൺ 2-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് നടത്തി.
- ഈ വർഷം 12 കുട്ടികൾക്ക് KCBC, SC, ST/BC കമ്മീഷന്റെ വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.
- സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാഞ്ഞിരപ്പള്ളി രൂപതയിൽ സന്ദർശനം നടത്തിയപ്പോൾ ഡി.സി.എം.എസ്. സംഘടനയിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, കൗൺസിലംഗം എന്നീ 3 പ്രതിനിധികൾ പങ്കെടുക്കുകയും അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.
- ഡി.സി.എം.എസ്. സംസ്ഥാന എക്സിക്യൂട്ടീവ് ജൂൺ 29-ാം തീയതി ശനിയാഴ്ച കോട്ടയത്ത് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 11 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ നടത്തി. രൂപതാ ഡയറക്ടറും രൂപതാ പ്രസിഡന്റും പങ്കെടുത്തു.
- KCBC, SC, ST/BC ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവിന്റെ നാമഹേതുകത്തിരുനാളിന് രൂപതാ ഡയറക്ടറും ഭാരവാഹികളും പങ്കെടുത്ത് ആശംസകളറിയിച്ചു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 461–ാമതും കൂരിയായുടെ 918–ാമതും സമ്മേളനം 2024 ജൂൺ 18–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയ ലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയ മഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് വൈസ് പ്രസിഡന്റ് സി. മേഴ്സി ജോസഫ് കൂടംപറമ്പിൽ വായിച്ചു. സമ്മേളനത്തിൽ ഹാജരായ കമ്മീ സിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും പരിശുദ്ധ അമ്മയുടെ നാമത്തിൽ അദ്ധ്യക്ഷ സ്വാഗതം ആശംസിച്ചു.

ലീജിയൻ നിയമഗ്രന്ഥം അധ്യായം 39 പേജ് 427 "സ്വാർത്ഥം അന്വേഷിക്കരുത്; അംഗങ്ങൾ സമ്മാനം കൊടുത്തുകൂടാ" എന്ന ഭാഗം പൊടിമറ്റം സ്വർഗ്ഗാരോപിത മാതാവ് പ്രസീദിയം ഖജാൻജി ബ്രദർ അഗസ്റ്റിൻ മാത്യു വട്ടക്കുന്നേൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 ജൂലൈ 13–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാ സൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ ഒരു യോഗം 16-06-2024 ഞായറാഴ്ച 10.30 am ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സി.സി. ഓഫീസിൽ കൂടുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന എന്നിവയ്ക്കുശേഷം സെക്രട്ടറി മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ സി.സി.യുടെ കണക്കുകളും ഓസാനാം വിദ്യാഭവന്റെ കണക്കുകളും അവതരിപ്പിച്ചു. സി.സി.യുടെ 2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും മുൻയോഗ റിപ്പോർട്ടും ചർച്ച ചെയ്ത് പാസ്സാക്കി.

**അനുസ്മരണം**

അന്തരിച്ച മുൻ സി.സി. പ്രസിഡന്റ് ബ്ര. പി.റ്റി. മാത്യു പുതുപ്പറമ്പിലിനെ അനുസ്മരിച്ച് മുൻപ്രസിഡന്റ് ബ്ര. എം.എം. ജോർജ് സംസാരിച്ചു. പരേതൻ 1985-2000 കാലഘട്ടത്തിൽ സി.സി. സെക്രട്ടറിയായും 2000-2005 കാലഘട്ടത്തിൽ സി.സി. പ്രസിഡന്റായും സേവനം ചെയ്തതായി ജോർജ് സാർ അനുസ്മരിച്ചു.

പെരുവന്താനം ഒഴികെയുള്ള എല്ലാ എ.സി.കളും റിപ്പോർട്ടിംഗും അവലോകനവും നടത്തി.

2027 സി.സി.യുടെ ഗോൾഡൻ ജൂബിലി വർഷം ആണെന്നും അത് എപ്രകാരം നടപ്പാക്കണമെന്നും ആലോചിക്കുകയുണ്ടായി.

റാന്നി എ.സി.യുടെ ആഭിമുഖ്യത്തിൽ കോൺഫറൻസുകളിൽ നിന്നും ശേഖരിച്ച സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള വസ്ത്രങ്ങൾ തമ്പലക്കാട് നല്ല സമറായൻ ആശ്രമത്തിന് 03-06-2024 ൽ നൽകുകയുണ്ടായി. ഇന്നേ ദിവസം സംഘടനയുടെ ആഭിമുഖ്യത്തിൽ അത്താഴഭക്ഷണവും സംഭാവനയും നൽകി. വസ്ത്രം ശേഖ

രിച്ച കോൺഫറൻസുകളെയും ഭക്ഷണം സ്പോൺസർ ചെയ്ത സീതത്തോട് കോൺഫറൻസിനെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ചിറക്കടവ് എ.സി.യുടെ ഒരു സംയുക്ത സമ്മേളനം 09-06-2024 ഞായറാഴ്ച 2.30 ന് പടനിലം പള്ളിയിൽ പ്രാരംഭപ്രാർത്ഥന, ജ്ഞാന വായന, ജപമാല എന്നിവയോടെ ആരംഭിച്ചു. എ.സി. പ്രസിഡന്റ് ബ്ര. ഷാജി ജേക്കബ് മഞ്ഞാടിയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ അദ്ധ്യക്ഷ നായിരുന്നു. ബഹു. വികാരി റവ. ഫാ. സിബി കുരിശുംമൂട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. എ.സി. സെക്രട്ടറി ബ്ര. ബിനോയി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ബ്ര. ജോസ് സി. എബ്രാഹം കണക്കുകൾ അവതരിപ്പിച്ചു. ജോൺസിയ, എയ്ഞ്ചൽ എന്നീ കുട്ടികൾ ഗാനാലാപനം നടത്തിയത് ഹൃദ്യമായിരുന്നു. സി.സി. പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തി. വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. കോൺഫറൻസ് സെക്രട്ടറി ബ്ര. ടോമി ജോസഫ് സംഗീതം ആലപിച്ചത് മധുരതരമായി.

പിന്നീട് എല്ലാ കോൺഫറൻസുകളും അവലോകനം നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സി.സി. പ്രസിഡന്റ് നാഷണൽ കൗൺസിൽ അറിയിപ്പുകൾ യോഗത്തെ അറിയിച്ചു. കോൺഫറൻസ് പ്രസിഡന്റ് ബേബി തോമസ് ആലപ്പാട്ട് നന്ദി പറഞ്ഞു. 68 പേർ പങ്കെടുത്ത യോഗം സ്നേഹവിരുന്നോടെ സമംഗളം പര്യവസാനിച്ചു.

മുണ്ടക്കയം എ.സി. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റിനോഷ് ആന്റണി മുണ്ടാട്ട്, സി.സി. യോഗത്തിൽ സത്യപ്രതിജ്ഞ ചെയ്തു.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായമായി 50,000/- രൂപയുടെ ചെക്ക് നൽകുകയും ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ ആശീർവാദകർമ്മത്തിൽ പ്രസിഡന്റും സി.സി. അംഗങ്ങളും പങ്കെടുക്കുകയും ചെയ്തു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ ജൂൺ 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ധ്യാനത്തിൽ വിവിധ ജില്ലകളിൽ നിന്നായി 65 പേർ സംബന്ധിച്ചു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിലാണ് ധ്യാനപരിപാടികൾ നടത്തിയത്. 14, 15 തീയതികളിൽ ക്ലാസ്, ധ്യാനം, ആരാധന, ചർച്ച, കൗൺസിലിംഗ് എന്നിവ ബഹു. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് അച്ചൻ വളരെ ഫലപ്രദമായി നടത്തി. സി. ടെസി മരിയ FCC, ശ്രീ. ജോർജുകുട്ടി ആഗസ്തി, ശ്രീ. ജോർജ് പറത്താനം എന്നിവരോടൊപ്പം എല്ലാ മാസവും ധ്യാനപരിപാടികളുടെ നടത്തിപ്പിന് സഹകരിച്ചുകൊണ്ടിരുന്ന എല്ലാവരും എത്തുകയും ധ്യാനം ഏറെ കാര്യക്ഷമമാക്കുകയും ചെയ്തു. 17–ാം തീയതി രാവിലെ പെരിയ ബഹു. ബോബി മണ്ണംപ്ലാക്കൽ അച്ചൻ ദിവ്യബലി അർപ്പിച്ച് മദ്യവിമുക്തജീവിതത്തിന് ഏവരേയും ആഹ്വാനം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻപുസ്തകങ്ങൾ

**1. ബൈബിൾ സ്റ്റോറീസ് : ഫാ. ജസ്റ്റിൻ മതിയത്ത്**

ബൈബിളിലെ സംഭവങ്ങളും കഥാപാത്രങ്ങളും കുട്ടികൾക്ക് എളുപ്പത്തിൽ ഹൃദ്ദിസ്ഥമാക്കാവുന്ന കഥാവിഷ്കാരം. ആകർഷകമായ ചിത്രങ്ങളോടെയും, ലളിതമായ ഭാഷയിലുമുള്ള രചന. ബാല്യത്തിലേ ബൈബിൾ മനസ്സിലാക്കുവാനും ഹൃദയത്തിൽ പതിപ്പിക്കുവാനും സാധിക്കുന്ന കൃതി. ജന്മദിനത്തിനും, മറ്റ് വിശേഷാവസരങ്ങളിലും കുട്ടികൾക്ക് സമ്മാനം നൽകാനും ഉത്തമം.

**2. വിശുദ്ധ കാർലോ അകിറ്റിസ് (ഇംഗ്ലീഷ്)**

തന്റെ ബാല്യത്തിലേ ദിവ്യകാരുണ്യത്തെ ഹൃദയത്തോടു ചേർത്തുവച്ച് , കൗമാരപ്രായത്തിൽ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ വെർചൽ മ്യൂസിയം ലോകത്തിനു സമ്മാനിച്ച വെബ്മിഷണറി. 15-ാം വയസ്സിൽ കൂടെ കൂടിയ ലുക്കീമിയയുടെ വേദന സന്തോഷപൂർവ്വം സ്വീകരിച്ച് സ്വർഗം പൂകിയ വിശുദ്ധ കാർലോ അകിറ്റിസിന്റെ പ്രചോദനകരമായ ലഘുജീവചരിത്രം.

**3. സെയിന്റ്സ് സ്റ്റോറീസ്**

വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലും, പ്രതിസന്ധികളിലും ദൈവവിശ്വാസം മുറുകെപിടിച്ച് നമുക്കു മുമ്പേ കടന്നുപോയ ധീരരക്തസാക്ഷികളായ വിശുദ്ധരുടെ ലഘുജീവചരിത്രങ്ങൾ കോർത്തിണക്കി ആകർഷമായ രീതിയിലുള്ള ആവിഷ്കാരം.

## പണിപ്പുരയിൽ

1. സൗഖ്യാരാധന : ഫാ. നിബി കന്നായി
2. തിരുപ്പാഥേയം: ജോർജ് കണ്ടച്ചാലിൽ
3. പടിയറ ഫലിതങ്ങൾ: ബോബൻ തെക്കേൽ
4. Easter Stories (ഇംഗ്ലീഷ് വിവർത്തനം) : മഞ്ജുഷ കുന്നത്ത്


**വായനാവാരം കുട്ടികൾക്കൊപ്പം**

കുട്ടികൾക്ക്

വായിച്ചു രസിക്കാൻ

വായിച്ചു വളരാൻ,

ചിന്തിച്ചു പ്രബുദ്ധരാകാൻ

പ്രത്യേക പായ്ക്കേജുകളുമായി

വിമല സ്കൂളുകളിലേയ്ക്ക്

എല്ലാ പുസ്തകങ്ങൾക്കും 10% ഡിസ്കൗണ്ട്

വിമലയുടെ പുസ്തകങ്ങൾക്ക് 30% ഡിസ്കൗണ്ട്

# Special Care Homes & Charitable Institutions (SEARCH)

## എയ്ഞ്ചൽസ് വില്ലേജ് - മാലാഖമാരുടെ സംഗമം

മാലാഖമാരുടെ ഗ്രാമത്തിൽ വച്ച് മാലാഖമാരുടെ സംഗമം നടന്നു. പൊൻകുന്നം ഫൊറോനയുടെ കീഴിലുള്ള പതിനാല് ഇടവകകളിൽ നിന്നുമായി ആദ്യകുർബാന സ്വീകരിച്ച 150 ഓളം കുട്ടികൾ അവരുടെ സന്തോഷം പങ്കുവയ്ക്കാൻ കാഞ്ഞിരപ്പള്ളി രൂപതയിലെ ചെങ്കല്ലിലുള്ള എയ്ഞ്ചൽസ് വില്ലേജിൽ ഒരുമിച്ച് കൂടി. മാലാഖമാരുടെ ഗ്രാമത്തിലെ മാലാഖമാരുടെ സംഗമം കുരുന്നുമനസുകളിലെ വിശ്വാസത്തിന്റെ വേറിട്ട സാക്ഷ്യമായി മാറി. എയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, ആശാനിലയം സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിറ്റി സേവ്യർ എന്നിവരുടെ നേതൃത്വത്തിൽ കുട്ടികളെയും അധ്യാപകരെയും സ്വീകരിച്ചു. മിഷൻലീഗ് പൊൻകുന്നം ഫൊറോന ഡയറക്ടർ ഫാ. ടിബിൻ ചേനപ്പുരയ്ക്കൽ, മിഷൻലീഗ് ഫൊറോന ആനിമേറ്റർ സിസ്റ്റർ ജെസ്‌ലിൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. ഫാ. റോയി മാത്യു വടക്കേൽ ദിവ്യബലി അർപ്പിച്ചു. ഫാ. ജിബിൻ കോമ്പാറനിരപ്പേൽ ക്ലാസ് എടുത്തു. സ്നേഹവിരുന്നോടുകൂടി സംഗമം സമാപിച്ചു.

## സ്കൂൾ പ്രവേശനോത്സവം

2024-2025 അധ്യയനവർഷത്തെ സ്കൂൾ പ്രവേശനോത്സവം ജൂൺ 3-ാം തീയതി ആശാനിലയം സ്കൂൾ അങ്കണത്തിൽ വച്ചു നടന്നു. പുത്തൻഉടുപ്പും, പുത്തൻ വർണ്ണവിസ്മയങ്ങളുമായി സ്കൂളിൽ വന്ന കുട്ടികളെ വിപുലമായ ഒരുക്കങ്ങളുമായി സ്കൂൾ അധ്യാപകരും പി.ടി.എ. കമ്മറ്റിയും സ്വീകരിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ എയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ സ്വാഗതം ആശംസിക്കുകയും രൂപതാ വികാരി ജനറാൾ

റവ. ഫാ. കുര്യൻ താമരശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തുകയും വാഴൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ജിജി നടുവത്താനി ആശംസ അറിയിക്കുകയും സ്കൂൾ പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ കൃതജ്ഞത അർപ്പിക്കുകയും കുട്ടികളെയും രക്ഷിതാക്കളെയും സ്വാഗതം ചെയ്യുകയും ചെയ്തു.

**പരിസ്ഥിതി ദിനാചരണം**

ലോകപരിസ്ഥിതി ദിനാചരണം ജൂൺ 5-ാം തീയതി ആശാനിലയം സ്പെഷ്യൽ സ്കൂളിലും നടത്തി. ഹരിതകർമ്മസേനയിൽ നിന്നുള്ള ജീവനക്കാർ സ്കൂളിൽ എത്തുകയും വൃക്ഷതൈകൾ നട്ട് ദിനാചരണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കുട്ടികൾ അധ്യാപകരുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തെ ഓർമ്മപ്പെടുത്തുന്ന സ്കിറ്റ് അവതരിപ്പിച്ചു.

**പ്രാർത്ഥനാദിനം**

2024 ജൂൺ മാസത്തെ 2-ാം ശനിയാഴ്ച കുട്ടികളും മാതാപിതാക്കളും, അധ്യാപകരും ചേർന്ന് പ്രാർത്ഥനാദിനാചരണം നടത്തി. 9.30 ന് ജപമാല പ്രാർത്ഥനയിലൂടെ ആരംഭിച്ച പ്രാർത്ഥനാദിനത്തിൽ ഏയ്ഞ്ചൽ വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് motivation class - നടത്തുകയും സ്നേഹവിരുന്നോടുകൂടി പ്രാർത്ഥനാദിനം അവസാനിക്കുകയും ചെയ്തു.

**രക്തദാനദിനം**

ലോകരക്തദാനദിനത്തോടനുബന്ധിച്ച് ജൂൺ 14-ാം തീയതി രക്തദാനദിനാചരണം നടത്തി. കുട്ടികളെ പല സെക്ഷനുകളായി തിരിച്ച് അധ്യാപകരും കൂടി ചേർന്ന് രക്തദാനത്തെക്കുറിച്ച് ഉള്ള സ്കിറ്റ് അവതരണം നടത്തി. ഒരു വ്യക്തിക്ക് ജീവൻ പകർന്നു നല്കാൻ മനുഷ്യൻ അശക്തനാണ്. എന്നാൽ ആവശ്യമായ രക്തം പകർന്നു നല്കാൻ മനുഷ്യന് ആകും. രക്തദാനത്തെ മഹാദാനമായും ജീവദാനമായുമാണ് വാഴ്ത്തുന്നത്. രക്തദാനത്തിന്റെ

# മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി

**റവ. ഫാ. മാത്യു വടക്കേമുറിയിൽ അനുസ്മരണം**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രഥമ സെക്രട്ടറിയായിരുന്ന ബഹുമാനപ്പെട്ട മാത്യു വടക്കേമുറിയിലച്ചന്റെ 12-ാം ചരമവാർഷികം ജൂൺ 22-ാം തീയതി ആചരിച്ചു. മലനാട് ചാപ്പലിൽ നടന്ന ദിവ്യബലിക്കും അനുസ്മരണ ശുശ്രൂഷയ്ക്കും എം.ഡി.എസ്. ജോയിന്റ് സെക്രട്ടറി റവ. ഫാ. ജോസഫ് പുൽത്തകിടിയേൽ കാർമ്മികത്വം വഹിച്ചു.

---

## Special Care Homes & Charitable Institutions (SEARCH)

മാഹാത്മ്യം ജനങ്ങളിൽ എത്തിക്കുന്നതിനായി ജൂൺ 14 ന് ലോകരക്തദാനദിനമായി ആചരിക്കുന്നു. ലോകാരോഗ്യസംഘടനയുടെ നേതൃത്വത്തിൽ ഈ ദിനം വിപുലമായി ആചരിച്ച് വരുന്നു.

**വായന ദിനാചരണം**

ജൂൺ 19 വായനദിനത്തോടനുബന്ധിച്ച് ആശാനിലയം സ്പെഷ്യൽ സ്കൂളിലും ഒരു ആഴ്ച നീണ്ടു നിൽക്കുന്ന വായനാവാരാചരണം സംഘടിപ്പിച്ചു. അക്ഷരങ്ങൾ വായിക്കാൻ വേണ്ടി നീ തലകുനിക്കുക, എങ്കിൽ നാളെ സമൂഹത്തിന്റെ മുമ്പിൽ നിനക്ക് തല ഉയർത്തി നിൽക്കാം എന്ന ആശയം മുൻനിർത്തിയാണ് പരിപാടികൾ നടത്തിയത്.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 3,63,637/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 4,79,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീര കർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 3,22,470/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# ഇൻഫാം

- ജൂൺ 4 നു പൊടിമറ്റത്തു വച്ചു കാപ്പി കൊക്കോ കവുങ്ങ് തൈകൾ വിതരണം ചെയ്തു. ജൂൺ 5 പരിസ്ഥിതി ദിന ആഘോഷം എല്ലാകാർഷിക താലൂക്കുകളിലും വിപുലമായി നടന്നു. കാർഷിക താലൂക് നിർവാഹക സമിതി പരിപാടികൾക്ക് നേതൃത്വം നൽകി.

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഒരു യോഗം 10/06/2024 തിങ്കളാഴ്ച രാവിലെ 10.30 ന് പാറത്തോട് കേന്ദ്ര ഓഫീസിൽവച്ച് നടന്നു.

- ജൂൺ 17 രാവിലെ 11 മണിക്ക് പൊടിമറ്റത്ത് വച്ച് ഇൻഫാം ദേശീയ സമിതിയുടെ ആഭിമുഖ്യത്തിൽ കിസാൻ ജെംസ് എക്സലൻസ് അവാർഡ് നൽകി എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ ഇൻഫാം കർഷകരുടെ മക്കളേയും അവരുടെ മാതാപിതാക്കളേയും ആദരിച്ചു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ അധ്യക്ഷത വഹിച്ച യോഗം കാഞ്ഞിരപ്പള്ളി രൂപതാ അധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്ത് അവാർഡ് വിതരണം നടത്തി. ദേശീയ സംസ്ഥാന കാർഷിക ജില്ല നേതാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു.

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല എക്സിക്യൂട്ടീവ് ജൂൺ പതിനേഴാം തീയതി ഉച്ചകഴിഞ്ഞ് 3:00 മണിക്ക് പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ കൂടി.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മെയ്, ജൂൺ മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

**ബി.ആർ.സി.ജി.എസ്.**

3 വർഷത്തിൽ ഒരിക്കൽ നടത്തുന്ന അപ്രഖ്യാപിത ഓഡിറ്റിങ്ങിൽ പി.ഡി.എസ് ഓർഗാനിക് സ്പൈസസിന് A+ ഗ്രേഡ് ലഭ്യമായി.

**കയറ്റുമതി**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞ മാസം നടന്ന കയറ്റുമതികൾ:

യു.എസ്.എ : 2, കൊറിയ : 1, യു കെ : 1

**പരിശീലന പരിപാടിയും പ്രദർശനവും സംഘടിപ്പിച്ചു**

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെയും കേന്ദ്ര സംയോജിത കീട നിയന്ത്രണ കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുട്ടിക്കാനം സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ വച്ച് കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.

കേന്ദ്ര സംയോജിത കീടനിയന്ത്രണ കേന്ദ്രം മേധാവി മിലൂ മാത്യു വിവിധതരം സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ച് വിശദമായി സംസാരിച്ചു.

അസിസ്റ്റന്റ് പ്ലാന്റ് പ്രൊട്ടക്ഷൻ ഓഫീസർ ടോം ചെറിയാൻ സ്വാഗതം ആശംസിച്ച ചടങ്ങ് പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ: ജിൽസൺ ജെയിംസ് ഉദ്ഘാടനം ചെയ്തു. ഡോ: തോമസ് ജേക്കബ് ആശംസകൾ അർപ്പിച്ചു.

അസിസ്റ്റൻറ് പ്ലാന്റ് പ്രൊട്ടക്ഷൻ ഓഫീസർമാരായ സുബിത പി.ആർ, ടോം ചെറിയാൻ, ലിജു എ.സി, സയന്റിഫിക് അസിസ്റ്റന്റ് ഗണപതി കാർത്തിക എന്നിവർ വിവിധതരം ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങളും ഫിരമോൺ കെണികളെകുറിച്ചും സംസാരിക്കുകയും പ്രദർശന വസ്തുക്കളുടെ ഉപയോഗവും പ്രയോജനവും കർഷകർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്തു.

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു.

മരിയൻ കോളേജ് ഹോസ്പിറ്റാലിറ്റി & ടൂറിസം ഡിപ്പാർട്ട്മെന്റും സഹ്യാദ്രി ആയുർവേദ ഡിപ്പാർട്ട്മെന്റും ചേർന്ന് ഏറെ ജോലി സാധ്യതയുള്ള ആയുർവേദ തെറാപ്പി കോഴ്സ് തുടങ്ങുകയാണ്. +2 / ഡിഗ്രി ആണ് കോഴ്സിന് ചേരുവാനുള്ള അടിസ്ഥാന യോഗ്യത. അടുത്തമാസം പകുതിയോടുകൂടി ക്ലാസ് തുടങ്ങുന്നതാണ്. ബാംഗ്ലൂരിൽ നിന്നും മിസ്റ്റർ സൂരജ് സഹ്യാദ്രി ആയുർവേദ ഫാക്ടറിയും, ആയുർവേദ ഹോസ്പിറ്റലും സന്ദർശിച്ചു.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ് : സാമ്പിളുകൾ പരിശോധിച്ചത്

സോയിൽ: 6, വാട്ടർ: 5, കമ്പോസ്റ്റ് : 3

മൈക്രോബയോളജി ലാബ്

ട്രൈക്കോഡർമ :100 L ഉല്പാദിപ്പിച്ചു.

ട്രൈക്കോഡർമ : 15 L വിൽപ്പന നടത്തി

സ്യൂഡോമോണസ് : 1 kg വിൽപ്പന നടത്തി.

**ഇക്കോ ഫാം**

5400 കുരുമുളക് തൈകൾ ഉത്പാദിപ്പിച്ചു. 5748 കുരുമുളക് തൈകൾ വിൽപ്പന നടത്തി. ഹരിത കഷായം :50 L ഉല്പാദിപ്പിച്ചു.

**ഗാർഡൻ**

പുതുതായി 1500 തൈകൾ ഉത്പാദിപ്പിച്ചു. 2578 തൈകൾ വിൽപ്പന നടത്തി.

കമ്പോസ്റ്റ്

300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു. 670 കിലോഗ്രാം വിൽപ്പന നടത്തി.

**ബയോഒറിജിൻ തട്ടാത്തിക്കാനം**

25 ഇനം ഉൽപ്പന്നങ്ങളിലായി 300 പാക്കറ്റുകൾ വില്പന നടത്തി.

## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ്. വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ പതിവുപോലെ കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി, എരുമേലി, റീജിയണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി.

റീജിയണൽ കോഡിനേറ്റേഴ്സ് മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

**വാർഷിക കണക്ക് പരിശോധന**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്വയം സഹായ സംഘങ്ങളുടെയും, ഫെഡറേഷനുകളുടെയും, യൂണിറ്റുകളുടെയും, വാർഷിക കണക്ക് പരിശോധന റീജണൽ കോഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ ഗ്രാമതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റേഴ്സിന്റെ സഹായത്തോടെ പൂർത്തിയാക്കി.

**വാർഷികം നടത്തി**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കാഞ്ഞിരപ്പള്ളി റീജിയണിലെ പൊടിമറ്റം യൂണിറ്റിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു.

യൂണിറ്റ് ഡയറക്ടർ ഫാ: മാർട്ടിൻ വെള്ളിയംകുളത്തിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷിക സമ്മേളനം പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ: ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന റീജിയണിലെ കോഴിമല യൂണിറ്റിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു.

യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ:ചാക്കോച്ചൻ ഞള്ളിയിൽ അധ്യക്ഷത വഹിച്ച വാർഷികാഘോഷ പരിപാടികൾ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ: ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം ഉദ്ഘാടനം ചെയ്യുകയും കോഴിമല പള്ളി വികാരി ഫാ: സിജോ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

കേരളത്തിലെ വിവിധ ജില്ലകളിലായി രൂപീകരിച്ച 32 കർഷക കമ്പനികളിൽ 28 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ബിസിനസ് സംരംഭങ്ങളിലേക്ക് കടന്നു.

**സി.ബി.ബി.ഓ പദ്ധതി വിലയിരുത്തൽ**

ജൂൺ 10,11 തീയതികളിൽ തട്ടാത്തിക്കാനം ട്രെയിനിങ് സെന്ററിൽ വച്ച് 25 കർഷക കമ്പനികളിലെ സി.ഇ.ഒ. മാർ അവരുടെ പ്രവർത്തന പുരോഗതിയും, ബിസിനസിന്റെ വളർച്ചയും, ഭാവി പരിപാടികളും പദ്ധതികളും അവതരിപ്പിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സി.ബി.ബി ഒ യുടെ വിദഗ്ധർ നൽകുകയും ചെയ്തു.

അതോടൊപ്പം സി.ബി.ബി.ഒ എന്ന നിലയിൽ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തകർ ജൂൺ 20 ന് തിരുവനന്തപുരം നബാർഡ് ഓഫീസിൽ നബാർഡിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി അഭിമുഖം നടത്തി.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും, ശ്രദ്ധിക്കേണ്ട മേഖലകൾ ചൂണ്ടിക്കാണിക്കുകയും, പ്രതീക്ഷക്കൊത്ത് ഉയരാത്ത 4 കർഷക കമ്പനികളുടെ വളർച്ചയ്ക്ക് ആവശ്യമായ കേന്ദ്രീകൃത ഇടപെടൽ സി.ബി.ബി.ഒ എന്ന നിലയിൽ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**വനജ്യോതിസ്**

പദ്ധതിപ്രദേശം കോഴിമല, കണ്ണംപടി, കൊമ്പുകുത്തി, ആദിവാസി കോളനികൾ.

**പരിശീലനം നൽകി**

വനജ്യോതിസ് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിമല യൂണിറ്റിൽ എൽ.എം.ടി.സി വാഗമണ്ണിന്റെ നേതൃത്വത്തിൽ പോത്ത് വളർത്തൽ പരിശീലനം നടത്തി.

വനജ്യോതിസ് പദ്ധതിയിൽ ഉൾപ്പെട്ട മേമാരി, രാജപുരം യൂണിറ്റുകളിൽ ബുക്ക് കീപ്പിംഗ് പരിശീലനം നൽകി.

**പദ്ധതി വിലയിരുത്തൽ നടത്തി**

വനജ്യോതിസ് പദ്ധതി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശങ്ങളായ കൊമ്പുകുത്തി, മേമാരി, കിഴക്കേമാട്ടുക്കട്ട, വളകോട്, രാജപുരം, കോഴിമല, കണ്ണമ്പടി എന്നി സ്ഥലങ്ങളിൽ പദ്ധതി വിലയിരുത്തൽ നടത്തി.

ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ .

| | | |
|---|---|---|
| കിണർ റീചാർജിങ് | : | 4 |
| കിണർ നവീകരണം | : | 3 |
| പശുത്തൊഴുത്ത് | : | 1 |
| ആട്ടിൻ തൊഴുത്ത് | : | 13 |
| വനവിഭവ ശേഖരണ കിറ്റ് | : | 13 |
| പോത്ത് കിടാവ് വിതരണം | : | 15 |
| പൊതു കുടിവെള്ള പദ്ധതി | : | 1 |

കല്ല്കയ്യാല : $800m^2$
ഗള്ളി പ്ലഗിംഗ് : $6m^3$

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി 3 കോളേജുകളിൽ നിന്നായി 3 വിദ്യാർത്ഥികൾ പി.ഡി. എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ : വിദ്യാഭ്യാസ സഹായം : 250039/-, ഭവന നിർമ്മാണം : 32000/-, വരുമാനദായക പ്രവർത്തനങ്ങൾ : 39500/-, ചികിത്സാ സഹായം : 139000/-.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ മെയ്, ജൂൺ മാസങ്ങളിലായി 28 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 109 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സ സഹായമായി 1 യൂണിറ്റിൽ 3 പേർക്ക് 27000/- രൂപ വിതരണം ചെയ്തു.

വെള്ളിലാംകണ്ടം : 27000/-

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**
**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**ജൂൺ 2024**

02 താമരക്കുന്ന് ഇടവകയിൽ പരേതനായ മണ്ണംപ്ലാക്കൽ എം. ജെ. തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 വി. മറിയം ത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യ-ധന്യൻ ഫാ. ജോസഫ് വിതയത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

4-5 പി.ഒ.സി. യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു.

6-7 പാലായിൽ റീജണൽ ബിഷപ്സ് കോൺഫറൻസിൽ സംബന്ധിച്ചു.

8 ഇഞ്ചിയാനി സ്നേഹദീപത്തിൽ വി. കുർബാനയർപ്പിച്ചു.

- മുണ്ടക്കയം എം.എം.ടി. ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ച അത്യാഹിത - മാതൃപരിചരണ വിഭാഗങ്ങൾ ആശീർവദിച്ചു.

8-9 കാഞ്ചിയാർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10-11 മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാനോനിക സന്ദർശനത്തോടനുബന്ധിച്ച് സ്വീകരണം നൽകി, സമ്മേളനങ്ങളിൽ സംബന്ധിച്ചു.

12 പെരുവന്താനം സെന്റ് ആന്റണീസ് കോളേജിൽ എക്സലൻസ് ഡേ സമ്മേളനത്തിൽ പങ്കെടുത്തു.

– മരിയൻ കോളേജ് ബോർഡ് ഓഫ് മാനേജ്മെന്റിൽ സംബന്ധിച്ചു.

– രൂപതാ കച്ചേരിയിൽ ഓഫീസ് സെക്രട്ടറിയായി 14 വർഷത്തെ സേവനത്തിനുശേഷം സ്ഥലം മാറിയ സി. ടെസ്സി ഗ്രേസ് സി.എം.സി. യുടെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

13 മൺവിള സ്നേഹാശ്രമത്തിൽ പി.എം.ഐ. യുടെ സമ്മേളനത്തിൽ പങ്കെടുത്തു.

14 കാഞ്ഞിരപ്പള്ളിയിൽ വിദ്ധ്വാ ഗ്രൂപ്പ് സംഘടിപ്പിച്ച സംസ്ഥാനതല ബൈബിൾ ക്വിസിന്റെ സമ്മാനദാന ചടങ്ങിൽ സംബന്ധിച്ചു.

– സീറോ മലബാർ മെത്രാൻമാരുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

15 കപ്പാട് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– ആനക്കൽ സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിൽ മെരിറ്റ് ഈവനിംഗ് സമ്മേളനത്തിൽ സംബന്ധിച്ചു.

17 കാഞ്ഞിരപ്പള്ളിയിൽ ക്രിസ്റ്റിൻ മിനിസ്ട്രിയുടെ സമ്മാനദാന ചടങ്ങിൽ സംബന്ധിച്ചു.

17–19 വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ ‘ഇടയകൂടാരത്തിൽ’ സംബന്ധിച്ചു.

19 സീറോ മലബാർ മെത്രാന്മാരുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

– കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവക പരേതനായ പൂവത്തിങ്കൽ ഡോ. പി.ഡി. സെബാസ്റ്റ്യന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 അടിച്ചിറയിൽ കെ.എസ്.എസ്.എഫ്. -ന്റെ ആനുവൽ ജനറൽ ബോഡി സമ്മേളനത്തിൽ സംബന്ധിച്ചു.

– പുതുപ്പള്ളിയിൽ മന്നാ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉദ്ഘാടനത്തിൽ സംബന്ധിച്ചു.

21 കാക്കനാട് സഭാകാര്യാലയത്തിൽ ക്യാറ്റക്കെറ്റിക്കൽ കമ്മീഷൻ സമ്മേളനത്തിൽ പങ്കെടുത്തു.

22 വള്ളക്കടവ് ഇടവകയിൽ പരേതനായ മണിയങ്ങാട്ട് എ.റ്റി. ലൂക്കോസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

23 പൊടിമറ്റം മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് വൈദിക വിദ്യാർത്ഥികളോട് സംസാരിച്ചു.

23–28 കോട്ടയത്ത് വിജയപുരം രൂപതയിലെ വൈദികരുടെ വാർഷികധ്യാനം നയിച്ചു.

25 ഉളുപ്പൂണി ഇടവക പരേതനായ മണിയംപ്രായിൽ ജിജോയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 കുന്നുംഭാഗം ഇടവക പരേതയായ പന്തിരുവേലിൽ വത്സമ്മയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

30 തിടനാട് പാലാ രൂപതാ എ.കെ.സി.സി. യുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

**മാർ മാത്യു അറയ്ക്കൽ**
**ജൂൺ 2024**

03 വലിയതോവാള സ്കൂൾ കെട്ടിടത്തിലെ പുതുക്കി പണിത ബ്ലോക്ക് ആശീർവദിക്കുകയും പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

05 അണക്കര അൽഫോൻസാ ഹോസ്പിറ്റലിൽ സ്ഥാപിതമായ ഡയാലിസിസ് യൂണിറ്റ് ആശീർവദിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

06–07 പാലാ അൽഫോൻസാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ട Regional Bishops' Conference -ൽ പങ്കെടുത്തു.

08 MMT Hospital-ന്റെ പുതിയ Maternity care & Emergency care Centre - ന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

– കൊല്ലമുള ഇടവകയിൽ പരേതനായ ഇ.ജെ. തോമസ് ഈരം പ്ലാക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

09 പരേതനായ ഡോ. ജോസ് കോക്കാട്ടിന്റെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

10–11 സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാഞ്ഞിരപ്പള്ളി രൂപതയിലെ സന്ദർശനവേളയിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ സ്വീകരണയോഗത്തിലും സ്നേഹവിരുന്നിലും സംബന്ധിച്ചു.

13 സഹപാഠിയായ ബഹു. സിറിയക് മാളിയേക്കൽ അച്ചന്റെ ഭവനത്തിലെത്തി, അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ഒപ്പീസ് പ്രാർത്ഥന നടത്തി.

14 സീറോ മലബാർ സിനഡ് – ഓൺ ലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

19 സീറോ മലബാർ Bishop's Synod 2nd online session - ൽ സംബന്ധിച്ചു.

20 പെരുവന്താനം സെന്റ് ആന്റണീസ് കോളേജിൽ ഉന്നതവിദ്യാഭ്യാസ ആരംഭദിനം – ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി.

– കത്തീഡ്രൽ ഇടവകയിൽ പരേതനായ ഡോ. പൂവത്തിങ്കൽ സെബാസ്റ്റ്യന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

22 കട്ടപ്പന – വള്ളക്കടവ് ഇടവകയിൽ മണിയങ്ങാട്ട് കുടുംബത്തിലെത്തി നമ്മുടെ രൂപതാംഗമായ ആന്റണി മണിയങ്ങാട്ട് അച്ചന്റെ നിര്യാതനായ പിതാവിനായി ഒപ്പീസ് പ്രാർത്ഥന നടത്തി.

25 ഉപ്പുതറ സെന്റ് ഫിലോമിനാസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ രജതജൂബിലിക്ക് തുടക്കം കുറിക്കുന്ന യോഗം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി H.S.S. പ്രവേശനോത്സവവും ഉദ്ഘാടനം ചെയ്തു.

– ഉളുപ്പൂണി ഇടവക പരേതനായ മണിയംപ്രായിൽ ജിജോയുടെ മൃതസംസ്കാരശുശ്രൂഷയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28 കുന്നുംഭാഗം ഇടവക പരേതയായ പന്തിരുവേലിൽ വത്സമ്മയുടെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 ചെമ്പനോലി ഇടവകയിൽ കോയിക്കൽ കുടുംബത്തിലെ ഒരു മരണവാർഷികദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## JULY - 2024

| Date | Programme | Place | Time |
|---|---|---|---|
| 1 | Ecumenical Meeting | Changanacherry | 10.00 am |
| 3 | Meeting | Kakkanad | |
| 7 | Baptism | Thamarakunnu | 12.00 pm |
| 8 | Holy Qurbana | Kumily | 10.00 am |
| - | Inmates' Gathering | Pastoral Centre | 7.00 pm |
| 9 | Teachers' Training | Thrissur | |
| 10 | Meeting, Doctrine Forum | Kakkanad | |
| 11 | Religious Priests' formation programme | Pastoral Centre | 10.00 am |
| - | Church Reconsacration | Anakkal | 4.15 pm |
| 13 | Inauguration, CTC | Pastoral Centre | 10.00 am |
| - | Online meeting, Catechetical Commission | | 8.30 pm |
| 14 | Marriage | Kanjirapally | 11.30 am |
| - | Youth Day | Kooropada | 3.00 pm |
| 15 | Meeting, Catechetical Commission | Kakkanad | |
| 16 | Inauguration, HDC | Pastoral Centre | 9.00 am |

| | | | |
|---|---|---|---|
| - | Priests' Conference | | |
| - | Online meeting, Catechetical Commission | | 8.30 pm |
| 17 | Holy Qurbana | Pravithanam | 5.00 pm |
| 18 | Online meeting, Catechetical Commission | | 8.30 pm |
| 20 | Betrothal | Kanjirapally | 12.30 pm |
| 20-21 | Pastoral Visit | Podimattom | |
| 22-24 | Idayakoodaram | Vazhoor | |
| 25 | Holy Qurbana | Bharananganam | 11.30 am |
| - | Online meeting, Catechetical Commission | | 8.30 pm |
| 27 | Baptism | Chinnar | 10.30 pm |
| 28 | Holy Qurbana and Blessing of Parish hall | Uluppooni | 9.30 am |
| - | House Blessing | Cherpunkal | 5.00 pm |
| - | Online meeting, Catechetical Commission | | 8.30 pm |
| 29 | Holy Qurbana | Kanjirapally | 6.30 am |
| - | Meeting, Global Mathruvedi | Kakkanad | 11.00 am |
| 30 | Major Seminary Visit | Vadavathoor | 5.00 pm |
| 31 | Holy Qurbana | Vadavathoor | 6.30 am |

ജൂലൈ 15–ാം തീയതി
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



സിഞ്ചെല്ലൂസ്

പെരിയ ബഹുമാനപ്പെട്ട

**കുര്യൻ താമരശ്ശേരി അച്ചന്**

രൂപതാകുടുംബത്തിന്റെ

പ്രാർത്ഥനാനിർഭരമായ

തിരുനാളാശംസകൾ!

KCBC - SC/ST/BC
കമ്മീഷൻ സെക്രട്ടറിയായി
നിയമിതനായ



ബഹുമാനപ്പെട്ട

**ജോസുകുട്ടി ഇടത്തിനകം അച്ചന്**

രൂപതാ കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ.

## 2024 ജൂലൈ : ശ്ലീഹാ – കൈത്താകാലങ്ങൾ

| | | |
|---|---|---|
| 1 | തിങ്കൾ | എഫേ 1:3–14; മത്താ 3:4–12. |
| 2 | ചൊവ്വ | തീത്തോ 3:1–7; യോഹ 3:1–12. |
| 3 | ബുധൻ | മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ<br>ഉത്പ 2:8–17; സുഭാ 4:10–18;<br>എഫേ 2:19–22; യോഹ 20:24–29. |
| 4 | വ്യാഴം | ഹെബ്രാ 3:7–19; മത്താ 16:1–12. |
| 5 | വെള്ളി | 2 കോറി 6:1–10; ലൂക്കാ 10:1–12, 17–20. |
| 6 | ശനി | റോമാ 14:13–19; യോഹ 16:16–24. |
| 7 | ഞായർ | ✠ കൈത്താ ഒന്നാം ഞായർ<br>ഉത്പ 35:23–29; ജോഷ്വാ 4:1–9;<br>വെളി 21:9–21; മത്താ 10:1–15. |
| 8 | തിങ്കൾ | എഫേ 2:11–22; മത്താ 16:13–20. |
| 9 | ചൊവ്വ | ഗലാ 1:10–16; യോഹ 4:31–38. |
| 10 | ബുധൻ | 1 തിമോ 4:12–16; ലൂക്കാ 12:41–48. |
| 11 | വ്യാഴം | റോമാ 8:12–17; മത്താ 5:1–12 |
| 12 | വെള്ളി | ഗലാ 1:6–10; ലൂക്കാ 1:67, 76–80. |
| 13 | ശനി | ഫിലി 1:19–26; യോഹ 11:1–16. |
| 14 | ഞായർ | ✠ കൈത്താ രണ്ടാംഞായർ<br>നിയ 28:1–14; പ്രഭാ 10:19–25;<br>റോമാ 11:17–24; യോഹ 15:1–8. |
| 15 | തിങ്കൾ | ഹെബ്രാ 11:3–10 (11:3–10, 32–12:2);<br>മത്താ 10:16–33. |
| 16 | ചൊവ്വ | 2 പത്രോ 3:8–13; മത്താ 20:1–16. |
| 17 | ബുധൻ | 1 തെസ 5:12–22; ലൂക്കാ 17:11–19. |
| 18 | വ്യാഴം | ഗലാ 6:6–10; മത്താ 21:18–22. |
| 19 | വെള്ളി | 1 കോറി 3:5–11; യോഹ 14:1–11. |
| 20 | ശനി | റോമാ 15:30–33; മത്താ 7:7–11. |
| 21 | ഞായർ | ✠ കൈത്താ മൂന്നാം ഞായർ<br>റൂത്ത് 1:6–18; പ്രഭാ 33:7–13;<br>റോമാ 12:3–8; ലൂക്കാ 10:38–42. |
| 22 | തിങ്കൾ | തീത്തോ 2:1–10; മത്താ 7:12–20. |
| 23 | ചൊവ്വ | 1 കോറി 7:1–7; മത്താ 19:3–12. |
| 24 | ബുധൻ | റോമാ 12:14–21; യോഹ 13:1–15. |
| 25 | വ്യാഴം | 1 കോറി 4:6–15;<br>മത്താ 20:20–28 (20:20–34). |
| 26 | വെള്ളി | ഹെബ്രാ 11:8–12; മത്താ 1:1–16. |
| 27 | ശനി | ഗലാ 2:19–21; യോഹ 12:20–26. |
| 28 | ഞായർ | ✠ കൈത്താ നാലാം ഞായർ<br>നിയ 6:1–9; എസെ 3:16–21;<br>2 തെസ 2:13–17; മത്താ 13:44–52. |
| 29 | തിങ്കൾ | എഫേ 1:15–19; മർക്കോ 8:22–30. |
| 30 | ചൊവ്വ | 1 കോറി 1:10–17; യോഹ 3:22–30 |
| 31 | ബുധൻ | ഗലാ 3:19–25; ലൂക്കാ 10:25–37. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654